# ശ്രീരാമഗീതാഭാഷാ വിവർത്തനം

ശ്രീ നീലകണ്ഠ തീർത്ഥപാദസ്വാമികൾ



# ശ്രീരാമഗീതാഭാഷാ
# വിവർത്തനം

ശ്രീ നീലകണ്ഠ തീർത്ഥപാദസ്വാമികൾ

Published by:

**Sree Neelakanta Theerthapada Samadhi Peedam Trust**

in association with Centre for South Indian Studies

Vedanta Malayalam, Poetry
First Published 1070/1895 (M.E./C.E.)
(Included in Vedanta Malika)
1st SNTSPT Edition -2021
Price: Rs.100/-

© 2021 Sree Neelakanta Theerthapada Samadhi Peedam Trust

Published by: Sree Neelakanta Theerthapada Samadhi Peedam Trust,Punnakulam, K.S. Puram, Karunagappally, Kerala - 690544
www.sntspt.org
Email- sntspt.org@gmail.com

Printed by Parimal Publications
27/ 28 Shakti Nagar, Delhi 110007

Cataloguing Data:
Sreeramageethabhasha:
Neelakanta Theerthapada Swamikal

includes authors biography V N Vijayan and Photographs

from SNTSPT Collection

1., Philosophy, 2. Indian Philosophy, 3, Hinduism, 4. Ramayana

I. Title, II, Commentary, III Study


Dewy Class No: 181.48

ISBN: 978-93-83763-55-9

# ശ്രീരാമഗീതാഭാഷാ
## (വിവർത്തനം)
## ശ്രീ നീലകണ്ഠ തീർത്ഥപാദസ്വാമികൾ

ശ്രീരാമഗീതാഭാഷാ, ഹസ്താമലകം, ഹരികീർത്തനം, രാമഹൃദയം, ആത്മപഞ്ചകം എന്നീ അഞ്ച് വേദാന്ത കൃതികളുടെ സമാഹാരമാണ് ഈ ഗ്രന്ഥം. അദ്വൈതസിദ്ധാന്ത പാരംഗതനും യോഗിവര്യനുമായിരുന്ന ശ്രീ നീലകണ്ഠ തീർത്ഥപാദസ്വാമികളുടെ നാലു വിവർത്തനങ്ങളും ഒരു സ്വതന്ത്ര കൃതിയും ഇതിൽ ഉൾപ്പെടുന്നു. അദ്വൈത ശാസ്ത്ര ത്തിലെ അടിസ്ഥാനതത്വങ്ങൾ വിശദീകരിക്കുന്ന ഇതിലെ എല്ലാ കൃതികളും വേദാന്ത ശാസ്ത്രപഠനത്തിന് വളരെ ഉപകരിക്കുന്നവയാണ് .

ശ്രീരാമൻ ലക്ഷ്മണനോട് ചെയ്യുന്ന ജ്ഞാനോപദേശ ങ്ങളാണ് രാമഗീതാഭാഷയിലെ പ്രതിപാദ്യം. വേദാന്തശാസ്ത്രത്തിലെ പ്രധാന തത്വങ്ങൾ ഇതിൽ സംഗ്രഹിച്ചിരിക്കുന്നു. മൂലകാരന്റെ ആശയത്തെ അണു മാത്രപോലും വിട്ടുപോകാതെ വേദാന്തശാസ്ത്ര തത്വങ്ങൾ ശ്ലോകരൂപത്തിൽ തന്നെ തർജ്ജമചെയ്യാനുള്ള സ്വാമികളുടെ അന്യാദൃശമായ പാടവത്തിന് ഈ കൃതി ഒരു നിദർശനമാണ്. ഒടുവിൽ തന്റെ ശിഷ്യനായിത്തീർന്ന 'ഹസ്താമലകൻ' എന്ന ബ്രഹ്മവിദ്വരനോട് 'നീ ആര്, നിന്റെ പേരെന്ത്'എന്നീ വക ചോദ്യങ്ങൾക്കു അതുവരെ മൗനിയായിരുന്ന ആ മഹാത്മാവ് പറഞ്ഞ മറുപടിയാണ് ഇതിലെ പ്രതിപാദ്യ വിഷയം. ഹരിനാമ കീർത്തന രീതിക്കു രചിച്ചിട്ടുള്ള ഒന്നാണ് 'ഹരികീർത്തനം'. കീർത്തന രീതിയിൽ രചിച്ചിട്ടുള്ള ഇതിലെ ശ്ലോകങ്ങൾ എല്ലാം യോഗവേദാന്ത വിഷയ സമ്പൂർണ്ണങ്ങളാണ് . ശ്രീരാമൻ വായുപുത്രനുപദേശിച്ച ആത്മതത്വങ്ങളാണ് രാമഹൃദയം. 'ആത്മ പഞ്ചകം' എന്ന ഹൃദയാകർഷകമായ ഭാഷാന്തര പദ്യങ്ങളിൽ ആത്മസ്വരൂപം അഹം ഗ്രഹോപാസനാരൂപമായ ആത്മാനുസന്ധാനത്തി ൽ വിവരിക്കുന്നു.



ശ്രീ നീലകണ്ഠ തീർത്ഥപാദസ്വാമികൾ
(1872–1921)

# ആശ്രമ സ്ഥാപക ചരിത്രം

മദ്ധ്യ തിരുവിതാംകൂറിലെ അതിപ്രശസ്തമായ ഒരു തറവാടാണ് കരുനാഗപ്പള്ളിയിൽ പുന്നക്കുളത്തു താഴത്തോട്ടത്തുവീട്. കേരളത്തിലെ ആത്മീയ നവോത്ഥാന നായകന്മാരായ ചട്ടമ്പി സ്വാമികൾ, നാരായണഗുരു സ്വാമികൾ, നീലകണ്ഠ തീർത്ഥപാദ സ്വാമികൾ, തീർത്ഥപാദ പരമഹംസ സ്വാമികൾ എന്നിവരെ എല്ലാം തന്നെ അവിടെ സ്വീകരിച്ചു പൂജിച്ചു അനുഗ്രഹം വാങ്ങാൻ താഴത്തോട്ടത്ത് ശ്രീ വേലുപ്പിള്ള അവർകൾക്ക് കഴിഞ്ഞിരുന്നു. ശ്രീ നീലകണ്ഠ തീർത്ഥപാദ സ്വാമികളുടെ ഗൃഹസ്ഥാശ്രമ ശിഷ്യരിൽ ഗണനീയനും ബ്രഹ്മദയ പ്രകാശൻ എന്ന യോഗ നാമം ലഭിച്ചിട്ടുള്ള പുണ്യാത്മാവുമായിരുന്നു അദ്ദേഹം. ശ്രീ നീലകണ്ഠ തീർത്ഥപാദ സ്വാമികളുടെ മഹാ സമാധിക്ക് ഏതാനും വർഷങ്ങൾക്ക് മുൻപായി, 1911ൽ അന്ന് താമരക്കുളത്തുള്ള ആറമ്പിൽ താമസിച്ചുവന്ന സ്വാമികളെ അവിടുത്തെ ഗൃഹനാഥന്റെ നിര്യാണശേഷം തന്റെ ഭവനത്തിലേക്ക് കൂട്ടിക്കൊണ്ടുവന്ന് അവിടെയും ആദിനാട് കൈതവന വീട്ടിലുമായി താമസിപ്പിച്ചു. സ്വാമികളുടെ മഹാസമാധിക്ക് ശേഷം സമാധി പീഠത്തിനു മുകളിൽ ഒരു ശിവലിംഗ പ്രതിഷ്ഠ ചട്ടമ്പി സ്വാമികളുടെ തൃക്കരങ്ങളാൽ നടത്തുകയും ചെയ്തു. ഒരു ട്രസ്റ്റ് രൂപീകരിച്ച ശേഷം അതിന്റെ നടത്തിപ്പിലേക്കു ആവശ്യമായ വസ്തുവകകൾ തൃപ്പടി ദാനം ചെയ്യുകയും ചെയ്തു.




ആശ്രമ സ്ഥാപകൻ: താഴത്തോട്ടത്ത് വേലപ്പിള്ള

## ആശ്രമ ട്രസ്റ്റ് അംഗങ്ങൾ

ബ്രഹ്മശ്രീ പ്രജ്ഞാനാനന്ദ സ്വാമികൾ (അദ്ധ്യക്ഷൻ)
ശ്രീ. ആർ.അരുൺ കുമാർ (സെക്രട്ടറി)
ശ്രീ. ബി.  ഗോപിനാഥൻ പിള്ള
ശ്രീ.എസ്. സോമൻ പിള്ള
ശ്രീ.വി.വാസുദേവ കുറുപ്പ്
ശ്രീ.കെ. വിജയകുമാർ
പ്രൊഫ. വി. എൻ. വിജയൻ
ശ്രീ.എം.മോഹൻ കുമാർ (മാനേജർ)

## സമാധി സമാചരണ ഉപദേശക സമിതി

ബ്രഹ്മശ്രീ പ്രജ്ഞാനാനന്ദ സ്വാമികൾ (അദ്ധ്യക്ഷൻ)
ശ്രീ.ആർ. അരുൺ കുമാർ (സെക്രട്ടറി)
ഡോ. രാമൻ നായർ
ഡോ. സുരേഷ് മാധവ്
ഡോ. എസ്.ഗീതാമണി അമ്മ
ശ്രീ.വി. രവി കുമാർ
ശ്രീ.ബി.ഭാസ്കര കുമാർ (ന്യൂയോർക്ക്)
ശ്രീ.ഗോപിനാഥ കുറുപ്പ് (ന്യൂയോർക്ക്)
ശ്രീ.എച്ച്. ശ്രീകുമാർ കോയിക്കൽ
ശ്രീ.എം.ഭാസ്കരകുമാർ സൂര്യഗായത്രി
ശ്രീ.ബി. ഗോപിനാഥൻ പിള്ള



**പ്രജ്ഞാനാനന്ദ സ്വാമികൾ**

ആശ്രമ അദ്ധ്യക്ഷൻ



യശഃശരീരനായ **സുകുമാരൻ നായരുടെ**
പാവനസ്മരണാർത്ഥം അദ്ദേഹത്തിന്റെ ഭാര്യ
ശ്രീമതി രാധാ നായർ (ഹ്യുസ്റ്റൺ)
ഈ ഗ്രന്ഥത്തിന്റെ പ്രിൻറിംഗ് ചിലവുകൾ
ഏറ്റെടുത്തിരിക്കുന്നു

# ഉള്ളടക്കം


| | |
|---|---|
| സന്ദേശം – ആശ്രമാദ്ധ്യക്ഷൻ | 1 |
| പ്രസ്താവന | 3 |
| ശ്രീരാമഗീത | 7 |
| ഹസ്താമലകം | 18 |
| ഹരികീർത്തനം | 21 |
| രാമഹൃദയം | 25 |
| ആത്മ പഞ്ചകം | 28 |
| **വ്യാഖ്യാനങ്ങൾ:** | |
| ശ്രീരാമഗീത | 30 |
| ഹസ്താമലകം | 39 |
| ഹരികീർത്തനം | 41 |
| രാമഹൃദയം | 44 |
| ആത്മ പഞ്ചകം | 46 |
| **രാമഗീത അദ്ധ്യാത്മ രാമായണം മൂലം** | **47** |
| **ശ്രീ നീലകണ്ഠതീർത്ഥപാദ സ്വാമി** | |
| **ലഘു ജീവചരിത്രം** (പ്രൊഫ. വി. എൻ. വിജയൻ ) | **55** |

**SREE NEELAKANTA THEERTHAPADA SAMADHI PEEDAM TRUST**
Regd : 1928
Punnakkulam, K.S. Puram P.O, Karunagappally
Kollam, Kerala - 690 544

President
PRANJANANANDA THEERTHAPADA SWAMIKAL

Ref: Date:..................

# സന്ദേശം

ശ്രീനീലകണ്ഠ തീർത്ഥപാദ സ്വാമികൾ രചിച്ച രാമഗീതാഭാഷാ എന്ന കൃതി എക്കാലത്തും പ്രസക്തി ഉള്ളതും എല്ലാവരും അവരവരുടെ ജീവിതത്തിൽ അനുവർത്തിക്കേണ്ടതുമായ വളരെ അമൂല്യമായ നിധി ആണ്.

ഈ കൃതിയുടെ പ്രസിദ്ധീകരണത്തിലൂടെ ആശ്രമം എന്നെന്നും അദ്ദേഹത്തോട് കടപ്പെട്ടിരിക്കുന്നു. സ്വാമിയുടെ എല്ലാ കൃതികളും പ്രസിദ്ധീകരിക്കുക എന്നത് ആശ്രമത്തിന്റെ കർത്തവ്യവുമാണ്. അയോദ്ധ്യയിലെ രാമക്ഷേത്രത്തിന്റെ പുനസ്ഥാപനം നടന്നുവരുന്ന ഈ സമയം അതിനെത്രയോ മുൻപുതന്നെ അയോദ്ധ്യ സന്ദർശിക്കുകയും അതു ശ്രീരാമ ജന്മഭൂമിയാണെന്നു സംശയ രഹിതമായി സ്വാമി പ്രസ്ഥാവിക്കുകയും ചെയ്തിട്ടുണ്ട്.

അദ്ദേഹത്തിന്റെ ആദർശങ്ങളും ആശയങ്ങളും പ്രചരിപ്പിക്കുക എന്നത് ആശ്രമത്തിന്റെ ലക്ഷ്യം തന്നെയാണ്.

എന്ന്,

**പ്രജ്ഞാനാനന്ദ സ്വാമികൾ**
ആശ്രമ അദ്ധ്യക്ഷൻ

# പ്രസ്താവന

ശ്രീരാമഗീതാ ഭാഷാ ശ്രീ നീലകണ്ഠതീർത്ഥപാദ സ്വാമികൾ കൊല്ലവർഷം 1079ൽ പ്രസിദ്ധീകരിച്ച വേദാന്തമാലിക എന്ന കൃതിയിലെ ശ്രീരാമഗീതാഭാഷാ, ഹസ്താമലകം, ഹരികീർത്തനം, രാമഹൃദയം, ആത്മപഞ്ചകം എന്നീ അഞ്ച് ലഘുകൃതികളുടെ സമാഹാരമാണ്.

ശ്രീ വിദ്യാധിരാജ ചട്ടമ്പിസ്വാമികളുടെ ദ്വിതീയ ശിഷ്യനും അദ്വൈതസിദ്ധാന്തപാരംഗതനും യോഗിവര്യനുമായിരുന്ന ശ്രീ നീലകണ്ഠ തീർത്ഥ പാദസ്വാമികൾ സംസ്കൃതത്തിലും മലയാളത്തിലുമായി ധാരാളം ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. സംസ്കൃതത്തിൽ അഗാധ പാണ്ഡിത്യം നേടിയ സ്വാമികൾക്ക് മലയാളം, ഇംഗ്ലീഷ്, തമിഴ്, തെലുങ്ക്, ബംഗാളി, മറാഠി, ഹിന്ദി എന്നീ ഭാഷകളിലും നല്ല പരിജ്ഞാനം ഉണ്ടായിരുന്നു.

കൗമാരത്തിൽതന്നെ മൗസലം മണിപ്രവാളത്തിലാക്കുകയും, 20–ാം വയസ്സിൽ സുന്ദോപസുന്ദം എന്ന ഭാഷാ നാടകം രചിക്കുകയും ചെയ്തത് സ്വാമികളുടെ പാണ്ഡിത്യത്തിന് നിദർശനമാണെന്നു പറയാം സ്വാമികളുടെ സ്നവരത്നഹാരം, അദ്വൈതപാരിജാതം, യോഗരഹസ്യ കൗമുദി, യോഗാമൃത തരംഗിണി, സ്വാരാജ്യ സർവ്വസ്വം, ആത്മാമൃതം, സങ്കൽപകല്പലതിക തുടങ്ങിയ സംസ്കൃത ഗ്രന്ഥങ്ങൾ പണ്ഡിതന്മാരുടെ മുക്തകണ്ഠ പ്രശംസയ്ക്ക് പാത്രമായിട്ടുണ്ട്. സ്വാമികളുടെ ഗ്രന്ഥങ്ങൾ എല്ലാംതന്നെ അദ്വൈത സിദ്ധാന്തങ്ങളുടെ അടിസ്ഥാന തത്വങ്ങൾ പ്രതിപാദിക്കുന്നവയാണ്. സ്വാമികൾ മുവാറ്റുപുഴ മാറാടി ഗ്രാമത്തിൽ വാളാനിക്കാട്ട് എന്ന പുരാതന പ്രസിദ്ധ തറവാട്ടിൽ കൊല്ലവർഷം 1047 ഇടവമാസം 13–ാം തീയതി രാവിലെ 8 മണിക്ക് തൃക്കേട്ട നക്ഷത്രത്തിലാണ് (A.D. 1872 മെയ് 27) ഭൂജാതനായത്.

ശ്രീ. നാരായണശർമ്മ, ശ്രീനിവാസാചാര്യർ മുതലായ പണ്ഡിത ശ്രേഷ്ഠന്മാരിൽനിന്ന് കാവ്യ നാടകങ്ങളും ആര്യഗുരുസ്വാമി, കുംഭകോണം കൃഷ്ണശാസ്ത്രികൾ കൊച്ചിയിലെ രാജഗുരുവായിരുന്ന ശാകോപാചാര്യർ എന്നീ മഹാപണ്ഡിതൻമാരിൽനിന്ന് ഷഡ് ദർശനങ്ങളും മറ്റു ശാസ്ത്രങ്ങളും അഭ്യസിച്ച്, ക്രമേണ ആദ്ദേഹം ഒരു സർവ്വശാസ്ത്ര പണ്ഡിതനായിത്തീർന്നു. ശാസ്ത്രാഭ്യാസത്തിനു ശേഷം ശ്രീ വിദ്യാധിരാജ ചട്ടമ്പി സ്വാമികളിൽ നിന്നും സന്യാസം സ്വീകരിച്ചു. കന്യാകുമാരി മുതൽ ഹരിദ്വാരംവരെ സഞ്ചരിച്ച് പുണ്യക്ഷേത്രങ്ങളിൽ ദർശനം നടത്തുകയും, പ്രമുഖൻമാരായ പണ്ഡിത ശ്രേഷ്ഠന്മാരുടെ മൈത്രിബന്ധം സമ്പാദിക്കുകയും ചെയ്തു. ചെറുപ്പത്തിലേ കവിതാ രചനയിൽ അസാധാരണമായ വാസനയുണ്ടായിരുന്നതിനാൽ സ്വാമികളുടെ ഗ്രന്ഥങ്ങൾ മിക്കവാറും പദ്യത്തിലുള്ളവയാണ്. വേദാന്ത ശാസ്ത്രത്തിൽ അത്യഗാധ-മായ പാണ്ഡിത്യം നേടുകയും യോഗത്തിൽ ഉയർന്ന സാധന അനുഷ്ഠിക്കുകയും ചെയ്തിരുന്ന സ്വാമികൾ കരുനാഗപ്പള്ളി പുന്നക്കുളം താഴത്തോട്ടത്തു വീട്ടിൽ കൊല്ലവർഷം 1096 കർക്കിടകം 23-ാം (A.D. 1921 ആഗസ്റ്റ് 4) തീയതി രാവിലെ 8 മണിക്ക് മഹാസമാധിയായി.

ശ്രീരാമഗീത എന്ന ഈ ഗ്രന്ഥം വേദാന്തശാസ്ത്രങ്ങളുടെ അടിസ്ഥാനതത്ത്വങ്ങൾ ഉൾക്കൊള്ളുന്നതാണ്. ശാസ്ത്രതത്ത്വങ്ങൾ ശ്ലോകത്തിൽ തർജ്ജമ ചെയ്യുന്നതിനുള്ള സ്വാമികളുടെ പാടവം അന്യാദൃശമാണെന്നു പറയാം. ശാസ്ത്രതത്ത്വ പ്രതിപാദകമായതിനാൽ സാധാരണക്കാർക്ക് ഈ കൃതി മനസ്സിലാക്കുവാൻ കുറച്ചു പ്രയാസം നേരിട്ടേക്കുമെന്നുള്ളതുകൊണ്ട് സാമാന്യമായ ഒരു അർത്ഥ വിവരണംകൂടി ഈ ഗ്രന്ഥത്തിന്റെ ഒടുവിൽ ചേർത്തിട്ടുണ്ട്.

പണ്ഡിതനും കവിയുമായ കടവൂർ ശ്രീജിവേലുനായരാണ് ഈ അർത്ഥ വ്യാഖ്യാനം തയ്യാറാക്കിയത്. അദ്ദേഹത്തിനോടും, ശ്രീ വിദ്യാധിരാജാ പബ്ലിക്കേഷൻസിനോടും ആശ്രമം കൃതജ്ഞത രേഖപ്പെടുത്തിക്കൊള്ളുന്നു.
ബ്രഹ്മശ്രീ നീലകണ്ഠ തീർത്ഥപാദ സ്വാമികളുടെ സമാധി ശതാബ്ദിയോടനുബന്ധിച്ചു സ്വാമിയുടെ കണ്ടെത്തിയിട്ടുള്ള എല്ലാ കൃതികളും വെബ്സൈറ്റിലൂടെ പബ്ലിഷ് ചെയ്ത്, വരും തലമുറയിലേക്കു കൈമാറുക എന്ന കൃത്യം ഏറ്റെടുത്ത സർവ്വശ്രീ ഭാസ്കരകുമാർ സൂര്യഗായത്രി, ശ്രീകുമാർ കോയിക്കൽ എന്നിവരോടും സാങ്കേതിക സഹായങ്ങൾ നൽകിയ മനോജ് കൈപ്പള്ളിൽ, അംബുരാജ് (ദുബായ്), ഗീതു എന്നിവർക്കും ആശ്രമം കൃതജ്ഞത അർപ്പിക്കുന്നു.
ഗ്രന്ഥങ്ങളും, കയ്യെഴുത്തു പ്രതികളും നൽകി സഹായിച്ചത് പ്രൊഫ വിഎൻ വിജയൻ, ശ്രീ സോമൻ പിള്ള എന്നിവരാണ്.
ഇതോടു സഹകരിച്ചു പ്രവർത്തിക്കുകയും അനുയോജ്യമായ ഉപദേശങ്ങൾ നൽകുകയും ചെയ്യുന്ന ഡോ. രാമൻ നായർ, ഡോ. സുരേഷ് മാധവ് എന്നിവരും കൃതജ്ഞത അർഹിക്കുന്നു.
ഓൺലൈനിലൂടെ ഇതിന്റെ പ്രൂഫ് വായിച്ചു വേണ്ട തിരുത്തലുകൾ വരുത്തിയ ശ്രീമതി ശാന്താ പിള്ള (ഹ്യൂസ്റ്റൺ), സർവ്വശ്രീ കൃഷ്ണവിലാസം ഭാസ്കരകുമാർ (ന്യൂയോർക്ക്), കളരിക്കൽ ഗോപിനാഥ കുറുപ്പ് (ന്യൂയോർക്ക്), വെളിയനാട് ജയപ്രകാശ് നായർ (ന്യൂയോർക്ക്), സോമമംഗലം ബാലകൃഷ്ണൻ നായർ (ന്യൂയോർക്ക്) എന്നിവരും നന്ദിയർഹിക്കുന്നു.

സമാധിശതാബ്ദിസമാചാരണ കൺവീനർ കൃഷ്ണവിലാസം ശ്രീ ഗോപിനാഥൻ പിള്ളയുടെ (ഹ്യൂസ്റ്റൺ) നിസ്സ്വാർത്ഥ സേവനങ്ങൾ ഈ ഗ്രന്ഥ പ്രസിദ്ധീകരണത്തിൽ എന്നും ഓർമിക്കപ്പെടും.

ഈ ഗ്രന്ഥം വളരെ വേഗതയിൽ പ്രിന്റു ചെയ്തുതന്ന പരിമൾ പബ്ലിക്കേഷൻസ്, 27/28,ശക്തി നഗർ, ഡൽഹിയോട് പ്രത്യേക നന്ദി രേഖപ്പെടുത്തിക്കൊള്ളുന്നു.

അരുൺ കുമാർ
സെക്രട്ടറി
ശ്രീ നീലകണ്ഠ തീർത്ഥപാദ ആശ്രമം
പുന്നക്കുളം, കരുനാഗപ്പള്ളി

# ശ്രീരാമഗീതാഭാഷാ

## ഹരിഃ

ശ്രീദേവിലാളിതപദാംബുജനായ രാമം
സോദര്യനങ്ങൊരുദിനം വിജനത്തിൽവാഴ്ത്തി
മോദാലടഞ്ഞ പരിശുദ്ധ മനസ്സടൊതാൻ
ചോദിച്ചതിന്നരുളി രാമനുദാരമർത്ഥീ. 1

വർണ്ണാശ്രമത്തിനുസമം സ്വമുരച്ചകർമ്മം
മുന്നംകഴിച്ചുമനതാർ പരിശുദ്ധമാക്കി
തന്നാലുസാധനം മുദിക്കയൊഴിച്ചുസർവ്വ
മന്നാശ്രയിക്കഗുരുവേ നിജമോക്ഷണാർത്ഥീ. 2

ഉണ്ടായിവരും ക്രിയയിനാൽ പലദേഹലാഭം
രണ്ടാം പ്രിയാ പ്രിയ മുദിക്കുമതിന്നുശേഷം
രാഗിക്കധർമ്മമഥ ധർമ്മമതീന്നു ദേഹം
വേഗം പ്രവൃത്തി പുനരിങ്ങിനെ ചക്രതുല്യം. 3

ഓർത്തീടിലിന്നിതിനു കാരണമാമവിദ്യാ
തത്ത്യാഗമിങ്ങുവിഹിതം വിധിയിങ്കൽ മുമ്പായ്
വിദ്യൈവ യോഗ്യയിതിനാശു വിനാശമേകാൻ
സദ്യോവിരോധവഴിയല്ലിരുളാണ്ട കർമ്മം. 4

*1 . രാമം = രാമനെ*
*2. സ്വം = തൻറെ*
*നാലുസാധനം = സാധനചതുഷ്ടയം*
*3. രണ്ട് = ദ്വന്ദ്വം അവിരോധം = വിരോധമില്ലായ്മ*

അജ്ഞാനഹാനിയതു പോൽ നഹിരാഗനാശം
വിജ്ഞാനമെന്നിയതു ദോഷസമൃദ്ധമല്ലോ .
സംസാരവാരണവുമില്ലതുകൊണ്ടുവിദ്വാ-
നംസേ വിചാരഭരമേറിയിരുന്നിടേണം. 5

അല്ലീവിധം ശ്രുതി നാലുപദിഷ്ടമാണി-
ങ്ങെല്ലാവിധക്രിയകളും ഭുവിവിദ്യപോലെ
മുക്തിക്കു സാധനമതായ് മനുജർക്കുകാര്യ-
മുക്തം ഹി വിദ്യയതു തൻ തുണയായിടും മേൽ 6

കർമ്മം ത്യജിക്കലിലഹോ ശ്രുതിയോതി ദോഷ-
മമ്മോചനാർത്ഥിയവനാലിതു കാര്യമാം തത്
നൈവം സ്വതന്ത്രയിതു നിശ്ചലകാര്യകർത്ത്രി
സേവിക്കയില്ല പരമിങ്ങുതുണയ്ക്കു വിദ്യാ. 7

അല്ലേവമദ്ധ്വരമതെങ്ങിനെ സത്വകാര്യ
മെല്ലാസ്സഹായ കരണത്തെയുമാശ്രയിപ്പൂ
“കില്ലില്ല” വിദ്യയതുപോൽ വിഹിതങ്ങളാകും .
ചൊല്ലുള്ള കർമ്മമതുചേർന്നു വിമുക്തിഹേതു. 8

എന്നോതിടുന്നു ചിലരിങ്ങിനെ പൂർവ്വപക്ഷ-
മെന്നാലബദ്ധമതുദൃഷ്ടവിരുദ്ധമാകെ
ദേഹാഭിമാനമതുകൊണ്ടുതടിച്ചുകർമ്മം
മോഹോത്ഥമായൊരഹമെന്നതിനാൽ പ്രസിദ്ധം. 9

*5. വാരണം = നിവൃത്തി അംസേ =ചുമലിൽ*
*വിചാരഭരം = വിചാരമാകുന്ന ചുമട്*
*6. അല്ലീവിധം എന്നുതുടങ്ങി ആക്ഷേപം*
*7, നൈവം എന്നുതുടങ്ങിയ ഉത്തരാർദ്ധം സിദ്ധാന്തം.*

ശുദ്ധാദ്വയന്റയറിവിങ്കലൊരാശയറ്റ
ബുദ്ധിക്കെഴും ചരമയായൊരുവൃത്തിവിദ്യാ
സിദ്ധിച്ചിടും ക്രിയകൾ  കാരകമാദിയാലി-
ങ്ങദ്ധാകെടുക്കുമിവയൊക്കെയുമാശുവിദ്യാ. 10

കാര്യങ്ങളൊക്കെയതുകൊണ്ടകലെക്കളഞ്ഞീ
ടാരാഞ്ഞു  തത്സ്മരണയിങ്കലമർന്ന ധീരൻ
സൂരൻ  കഴിക്കരുതു ചേർത്തിവരണ്ടുമൊപ്പം
പാരം പ്രകാശമിരുളെന്നിവപോൽ വിരോധാൽ 11

ദേഹോഹമെന്നമതിയെത്രവരെക്കുമോഹാൽ
ദേഹിക്കതോളമിഹതൻ വിധി കിങ്കരത്വം
തള്ളീട്ടു സർവ്വമിതുമല്ലിതുമല്ലയെന്ന-
ങ്ങുള്ളത്തറിഞ്ഞു പരവസ്തുവൊഴിക്ക കർമ്മം 12

ജീവേശഭേദമരിയുന്ന വിശുദ്ധ ബോധ-
മേവം മനസ്സിലെതുകാലമുദിച്ചിടുന്നു
തൻ സംസൃതിപ് പ്രദയതാകിയമായയപ്പോ-
ളുന്മൂലയാമഖിലകാരകമോടുകൂടെ. 13

വേദ പ്രമാണമതിനാൽ ഹതയാമവിദ്യാ
നോദിക്കിലും വരികയില്ലിഹ കാര്യകർത്ത്രീ
ജ്ഞാനത്തിനാൽ വിമലനുള്ളൊരു കേവലത്വാത്
നൂനം ഭവിക്കലിതിനില്ലഥ മേലിലെന്നും. 14

*8. അല്ലേവമെന്നതും ആക്ഷേപം*
*10. ചരമാ = അന്ത്യത്തിലുള്ളത്*
*11. സൂരൻ = വിദ്വാൻ*
*12 . മതി = മനസ്സ്     കിങ്കരത്വം = ദാസ്യം*
*13 . അരിയുന്ന = ഖണ്ഡിച്ചില്ലാതാക്കുന്നു*
*എന്ന് സാരം*
*14. നോദിക്കിലും = പ്രേരിക്കിലും (ഉന്തുകിലും)*
*കർത്ത്രീ = ചെയ്യുന്ന*

കർത്താവുതാനിതിമതം കഥമുത്ഭവിക്കു-
മോർത്താൽ സകാര്യജനിയോമൃതയെങ്കിലില്ലാ-
മുക്തൌസ്വതന്ത്രയിതു  സേവിതയായവിദ്യാ
ഭാത്യേകതന്നെ പുനരൊന്നുമപേക്ഷിയാതെ 15

കർമ്മം ത്യജിക്കയമൃതോപമമെന്നുതന്നെ
നിർമ്മായമായ്  ശ്രുതിപഠിപ്പിതുതൈത്തിരീയാ
കർമ്മം വിമുക്തികരമല്ലതു  വേദനം താ-
നിമ്മെയ്യിതെന്നരുളി വാജസനേയശാഖാ 16

വിദ്യയ്ക്കുതുല്യമിതിദർശിതമായി യാഗ
മദ്യാപി സാമ്യമിവിടത്തിലുരച്ചതില്ലാ
യജ്ഞം  ബഹൂപകരണങ്ങളിനാലെ സിദ്ധ-
മീജ്ഞാനമേറെ വിപരീതമിതിൻ ഫലത്താൽ 17

ഞാനെന്നനാത്മമതിയജ്ഞനു പാപമൊത്ത
ദീനത്വ ഹേതുവിതു വിജ്ഞനു തെല്ലുമില്ല
കർമ്മം വിധാനമൊടുകാർമ്മണനെങ്കിലും മേൽ
നിർമ്മൂലമാക്കിവിടുവാൻ ബുധനാലെ യോഗ്യം 18

ബദ്ധാദരത്തൊടുഗുരൂൻറെയനുഗ്രഹത്താൽ
സിദ്ധിച്ച തത്ത്വമസിവാക്യ ബലേനതന്നെ
ബുദ്ധ്വാസ്വജീവപരർ തങ്ങടെയേകഭാവം
ശുദ്ധാന്തരൻ സ്ഥിരനതാം കനകാചലംപോൽ 19

..

*15. മുക്തൌ = മുക്തിയിൽ*
*18. കാർമ്മണൻ = കർമ്മത്തിൽ കുശലൻ*
*19. ഏകഭാവം = ഐക്യം*
*കനകാചലം= മഹാമേരു*
*20. അമേയജീവർ = ബ്രഹ്മജീവന്മാർ*

വാക്യാർത്ഥമെന്നതുമുറയ്ക്കുണരും വിധീങ്ക-
ലാർക്കും പദാർത്ഥമറികെന്നതുമൂലമാദ്യം
തത്ത്വം പദങ്ങളുടെയർത്ഥമതീശജീവ-
രെത്തും ക്രമാലസിപദേനസുസിദ്ധമൈക്യം 20

പ്രത്യക്ഷനിങ്ങൊരുവനോർക്ക 'പരോക്ഷ'നന്യ-
നിത്യാദിയാകിയ വിരോധമകറ്റിയൊക്കെ
ചിത്തം വിശുദ്ധമിവർലക്ഷണകൊണ്ടുതന്നെ-
സ്സത്തായുറച്ചുപധിയറ്റവനേകനാമേ. 21

ഏകാത്മഭാവമതിനാൽ ജഹതീ ന യോഗ്യ-
യാകില്ലിവണ്ണമജഹന്നഹിലക്ഷണാ ച
അബ്ഭാഗലക്ഷണയിതാണവനെന്നതിൽ പോ-
ലുൾഭള്ളുനീക്കുമൊരുതത്ത്വമസീങ്കലൊക്കും. 22

ആദ്യന്തമുള്ളവലുതായ ശരീരമോർക്കി-
ലാദ്യന്നുപാധിയിതു മുൻക്രിയയാൽ ജനിച്ചു
പഞ്ചീകരിച്ച വിയദാദിയിനാലെ തീർത്ത
നെഞ്ചൊത്തൊരൂൺപുരയതാം സുഖമാദിയിന്റെ 23

കാണിന്ദ്രിയങ്ങൾ ദശകത്തൊടുബുദ്ധിപിന്നെ
പ്രാണാദിയും മനുവുമൊത്തതു സൂക്ഷ്മദേഹം
പഞ്ചീകൃതാലപരഭൂതസമുത്ഥമേതത്
മിഞ്ചുന്നു ഭോക്തുരനുസാധനമായ്സുഖാദൌ 24

ഇന്നോണമെന്ന വചനത്തിനനർഹയായി
തന്നാദിയറ്റൊരിരുകൾ കാരണദേഹമാണ്
ഭിന്നിച്ചുപാധിയതിനാൽ പൃഥഗായിനില്ക്കും
തന്നേക്രമേണഹൃദിനിശ്ചലമായ് ധരിക്ക. 25

*22. ഭാഗലക്ഷണാ= ഭാഗത്യാഗലക്ഷണാ*
*24. അനുസാധനം = ഉപകരണം*
*സുഖാദൌ = സുഖാദിയിൽ*
*25. അനർഹാ = അയോഗ്യാ*
*ഇരുൾ = തമസ്സ്*

പുഷ്പാദിയാൽ സ്ഫടികമാനിറമായിടും പോ-
ലപ്പഞ്ച കോശമതിലങ്ങിനെയാകുമാത്മാ
മുപ്പാടുകോശമിവിടത്തു വിവേചിതം ചേ-
ലപ്പൊഴസംഗനിവനേകനജൻ ധരിച്ചോൻ. 26

വൃത്തിത്രയങ്ങളിവിടത്തിൽ നിനയ്ക്കിൽ ബുദ്ധി-
ക്കെത്തും ഗുണത്രയ ശരീരിയവന്നിതെല്ലാം
സ്വപ്നാദിയായവ പരാത്മനി കേവലങ്ക-
ലന്യോന്യമായ് വ്യഭിചരിക്കലിനാലെ പൊയ്യേ 27

ദേഹേന്ദ്രിയ പ്രാണമനസ്സുചിത്തിൻ,
ഗാഹാൽ സദാജ്ഞാനസമുത്ഥമാകും,
ഗുണാഹിവ്യത്തി, ബുദ്ധിക്കെഴുന്നജ്ഞ
ചുററുന്നുയാവൽ ഭവജന്ന്യതോളം 28

നേതിപ്രമാണമതിനാലഖിലം കളഞ്ഞോൻ
ചേതസ്സിനാൽ ചിദമൃതം നിറയുണ്ടവൻതാൻ
തള്ളീഗൃഹീതരസജാലജഗത്തുതന്നെ
വെള്ളംകുടിച്ചുമരുനീരിനുപേക്ഷ പോലെ. 29

പുത്തൻ സമസ്തഗനൊരിക്കലെഴുന്നു വർദ്ധി-
ച്ചത്തൽ പ്പെടാക്ഷയമതോടുമടുത്തിടാത
നിത്യം സ്വയം പ്രഭനഹോ സുഖരൂപനേക-
നസ്തം ഗമിച്ച സകലാതിശയൻ പരാത്മാ 30

ജ്ഞാനം തടിച്ച സുഖരൂപനിലീവിധങ്കൽ
മാനിക്കയെങ്ങിനെഭവം ബഹുദുഃഖപൂർണ്ണം
അധ്യാസമെന്നവഴി ചേരുമിതങ്ങുമോഹാത്
പ്രദ്ധ്യസ്തമാകുമറിവാലിതു തദ്വിരോധാത്. 31

*26. വിവേചിത് = വേർതിരിക്കപ്പെട്ടത്*
*ധരിച്ചോൻ = ( വിത്തൻ ) ധരിക്കപ്പെട്ടവൻ*
*28 ഗാഹത് = പ്രവേശാൽ (ചേർപ്പാൽ )*
*31. പ്രദ്ധ്വസ്തം = നഷ്ടം*

ബുദ്ധിഭ്രമാലെയൊരു വസ്തുവിലന്യബുദ്ധി
യധ്യാസമെന്നുപറയുന്നറിയും ജനങ്ങൾ
സർപ്പത്വമററ ചരടിൽ ഫണിയെന്നതോന്ന-
ലെപ്പോൽ പരേശ്വരനിലങ്ങിനെയി പ്രപഞ്ചം. 32

മായാഭ്രമാദികളകന്നൊരു ചിത്സ്വരൂപ-
നായുള്ളവങ്കലഹമെന്നതുമുന്നുദിച്ചു
അധ്യസ്തമാണിതൊരു കാരണ കാരണങ്ക-
ലദ്ധർമ്മമാദിയകലും ബൃഹദർത്ഥരൂപേ 33

സംസാര വേർകൾ പരനിൻസുഖമിഛയാദി
യായോന്നു ചേർന്നമതിയിൽ പരിണാമമെല്ലാം
ഈയുള്ളവർക്കു പരനെന്തുവശാത്സുഖാത്മാ-
വായിട്ടുറക്കമെതിലാം മനമറ്റമൂലം. 34

ചൊല്ലാം പരന്റെ നിഴലേതതുജീവനാദി-
യില്ലാത്തവിദ്യയുടെ കാര്യമതാം മനസ്സിൽ
ബിംബിച്ചവൻ ഹൃദയസാക്ഷിയതായിവേറെ
സംബദ്ധനായ് മതിയിനാൽപരനാണുനിൽപ്പോൻ. 35

സംഗാത്ചിതീടെ നിഴൽ സാക്ഷിമനസ്സവറ്റിൽ
മങ്ങാതെയഗ്നി പിടിപെട്ടൊരിരുമ്പുപോലെ
ആത്മാവുബുദ്ധികൾ ജഡാജഡഭാവമെന്ന-
തുദ്ഭൂതമാമിവകൾ തങ്ങളിലുള്ളസാമ്യാത് 36

വേദാന്തവാക്യമതിനാൽ ഗുരുവിങ്കൽനിന്നു
വിദ്യാനുഭൂതിയുളവായവനാത്മരൂപം
താനായറിഞ്ഞുപധിയറ്റതു ചിത്തതാരിൽ
വാനൊത്തതൻ വിഷയമാം ജഡമൊട്ടൊഴിക്ക 37

..

*33. ബൃഹദർത്ഥരൂപേ = ബ്രഹ്മത്തിൽ.*

*36. ജഡാജഡഭാവം=ജഡചൈതന്യഭേദത്തോന്നൽ.*

ഏകൻ  വിശുദ്ധനതിയായ് ജനിയറ്റവൻ ഞാ-
നാകുന്നു  ശോഭവടിവുറ്റ സദാ പ്രഭാതൻ
പൂർണ്ണൻവിശുദ്ധനറിവിൻ കുടികർമ്മമറ്റോൻ
കർണ്ണാന്തമെത്തിയസുഖാം ബുധിയാമദു:ഖി. 38

വേദംപാടും വിജ്ഞരാൽ ചിന്തിതൻഞാൻ
വേദിച്ചീടാനിന്ദ്രിയജ്ഞാന ദൂരൻ
എന്നുംമുക്തൻ ചിന്ത്യമല്ലാത്തശക്തി-
ക്കൊന്നാം സ്ഥാനം തീരമറ്റുള്ളഭൂമാ. 39

കുടിച്ചീടുന്നൌഷധം  രോഗമെല്ലാം
കെടുക്കുംപോൽ സാധനത്തോടവിദ്യാം
വിടാച്ചിത്തം കൊണ്ടുപാരം നിനയ്പോ
നടഞ്ഞീടും ഭാവനാ കൊന്നിടുന്നു. 40

ഇന്ദ്രിയങ്ങളഖിലം  മനമോടെ
വെന്നിരുന്നോരിടമചരമനസ്സായ്
തന്നിൽനിന്നൊരറിവാം മിഴിതന്നാ-
ലൊന്നു കാണപരസാധനഹീനൻ 41

പരത്തിൻ മറപ്പാംയദീവിശ്വമൊക്കെ
പരാത്മാവതാം  കാരണേലീനമാക്കി
നിറഞ്ഞോൻ  സദാനന്ദ പൂർണ്ണൻ വസിക്കു-
ന്നറിഞ്ഞീടുകില്ലാന്തരം ബാഹ്യമെന്നും 42

ജഗത്സ്ഥാവരം  ജംഗമം ചേർന്നതോമെ-
ന്നുറച്ചീടുസർവ്വം  സമാധിക്കുമുമ്പായ്
ഉരയ്പോന്നുതാരം  പരന്തന്നെ വാച്യം
പരംതോന്നലജ്ഞാന മൂലം ന ബോധാത് 43

*37. ഉപധി =  ഉപാധി.*

*43. താരം =പ്രണവം.*

അകാരമായ നാമമുള്ളവൻ പുമാൻഹിവിശ്വനാ-
മുകാരനാമകൻ തഥാ വരുന്നു തൈജസൻ ക്രമാത്
മകാരസംജ്ഞനന്ത്യനീവിധം സമാധിമൂലമാ-
യകക്കഴമ്പിലാക്കുവോരിതില്ലതത്വമായറി. 44

നാനാരൂപൻ വിശ്വപുമാനെ അകാരത്തെ ഊനം
കൂടാതുമ്മദ്ധ്യമതിൽ ഗതമാക്ക്
രണ്ടാമംശം തൈജസമങ്ങുമകാരത്തിൽ
കൊണ്ടച്ചേർത്തിട്ടന്തിമഭാഗം പ്രണവത്തിൻ. 45

കാരണനാമപ്രാജ്ഞൻ തന്നെ പരചിത്തിൽ
ചേരുംവണ്ണം ചെയ്തു വിമുക്തൻ പരനേകൻ
ബ്രഹ്മം താനാണായതുശുദ്ധൻ മറവറ്റോൻ
ജിഹ്മൻ ഭാവം തെറ്റിയൊരറിവാം കണ്ണൻഞാൻ 46

പരമാത്മവിചാരണയിങ്ങിനെ വാ-
ച്ചുരുവൊക്കെ മറന്നഥതൻ സുഖഭാക്
പരിമുക്തന കമ്പിത സിന്ധുസമം
സ്ഥിരനാം സുഖചിത് പ്രഭനായ് സതതം. 47

സമതയിങ്ങനെ ചെയ്തൊരു യോഗിയാം
ശമിതശ്രത്രൂ , 'വെവൻ വിഷയാദിയും
മുഷിത്' മഗ്ഗുണഷൾക്കമെടങ്ങിയോൻ
വിഷയമാം മിഴികൾക്കറി ഞാനെടൊ. 48

*45. അന്തിമഭാഗം = അവസാനാംശം*

ഏവം നിന്നീടെന്നുമാത്മാവിനെത്താൻ
ഭാവിച്ചോട്ടിബ്ബന്ധമെല്ലാം തകർത്തു
പ്രാരാബ്ധത്തേ മാനമറ്റുണ്ണുവോൻ മേൽ
ചേരും സാക്ഷാദ് വ്യാപിയാകുന്നൊരെങ്കൽ 49

ആദ്യന്തമദ്ധ്യങ്ങളിലുദ്ഭവത്തെ
വിദ്വാൻ ഭയം ശോകമിവേടെ മൂലം
വേദോക്തമാം ചോദനയൊക്കെവിട്ടു
വേദിക്കയാത്മാവെയശേഷ സംസ്ഥം. 50

വാർപ്പൊൻ ഭേദം വിട്ടിതാത്മാവുതങ്കൽ
തപ്പില്ലാത്മാവാകുമെന്നോടഭിന്നൻ
അപ്പിൻപൂരേ നീർപയ പാലിലൊന്നാ-
മാപ്പോൽ വ്യോമം വാനിൽ വായൂങ്കൽ വായു. 51

ലോകസംസ്ഥിതനാം മുനിയെന്നാ-
ലാകെയോർത്തറിജഗൻമൃഷയെന്ന്
ശാബ്ദയുക്തിവചനാൽ ഹതിമൂലം
ദിഗ്ഭ്രമംശശിവിഭേദമിവേപ്പോൽ. 52

എക്കാലാന്തം സർവ്വമൊർപ്പീല ഞാനാ-
യക്കാലാന്തം സേവയിൽ പറ്റുകെന്റ
എവൻ ശ്രദ്ധാവാൻ പരംഭക്തിയൊത്തോ-
നാവും ദൃശ്യൻ തന്മനസ്സാൽ സദാഞാൻ. 53

*50. വിദ്വാൻ = അറിയുന്നവൻ. ചോദന= വിധി*

എന്നാൽ ചൊല്ലപ്പെട്ടതേ വേദസാരം
നന്നായിഷ്ട ! പാരത്തിതേവം നിനക്ക്
ധീമാനേവൻ ചിന്തചെയ്യുന്നതിത്ഥം
കാമം മുക്തൻ പാതകത്തീന്നവൻതാൻ. 54

തോന്നുന്നെന്നാൽ മിഥ്യയാണീജ്ജഗത്തെ-
ന്നെന്നെ ചിന്തിച്ചാപ്തമാം ശുദ്ധചിത്തൻ
തമ്പീ! സർവ്വം വിട്ടകന്നാമയൻനീ-
യിമ്പം തിങ്ങും സൗഖ്യവാനായ്ഭവിക്ക. 55

ഗുണമതിൽനിന്നു മേലഗുണനാകിയൊരെന്നെ യെവൻ
സഗുണനെയെങ്കിലും പരിചരിപ്പുമനസ്സുവശാത്
നിജപദധൂളികൊണ്ട് പിച സോയമുരച്ചുസമം
ബഹുശുചിയാക്കിടും ത്രിഭുവനം രവിയെന്നപടി 56

എന്നാൽഗീതം ശ്രുതിശിഖയിനാൽ
വേദ്യനാം പാദനാലെ-
യൊന്നാംജ്ഞാനം പരമുപനിഷത്
സാരമാകുന്നിതെല്ലാം-
ശ്രദ്ധായുക്തൻ ഗുരുപദതലേ
ഭക്തിയുള്ളോൻ പഠിക്കിൽ
സിദ്ധിച്ചിടും മമ വടിവവ-
ന്നുണ്ടിതിൽ ഭകതിയെങ്കിൽ 57

പൊന്നമ്പലഗ്ഗുഹയിൽ നിന്നൊഴുകും സുധാംബു
തന്നാൽ കുളുർത്ത പദതാരിണയൊത്തദൈവം
നന്നായഹം ഹരിഹരാഹ്വയ ബാലദേവം
വന്ദിച്ചുനീലഗളനോതിന രാമഗീതാ. 58

ഇതിരാമഗീതാഭാഷാ

# ഹസ്താമലകം ഭാഷാ

## ഹരിഃ

പോകുന്നതെങ്ങെതിനു നീ ശിശുവേ ഭവാനാ
രാകുന്നുവെന്തുതവ പേർ വരവെങ്ങുനിന്നു
ഞാൻ ചൊന്നതെൻ പ്രിയമതിന്നുരചെയ്ക കുഞ്ഞേ
യെൻ ചങ്കെഴും സുമുഖഎന്നിതിനോതിബാലൻ. 1

മർത്ത്യൻ ഞാനല്ലല്ല ദേവൻ ന യക്ഷൻ
പേർത്തും ബ്രഹ്മക്ഷത്രവിട് ശൂദ്രനല്ല
ഇല്ലം വായ്പോനല്ലവർണ്ണീനമൌനീ
അല്ലാഭിക്ഷുർന്നിത്യ ബോധസ്വരൂപൻ . 2

മനസ്സിന്ദ്രിയാദി പ്രവൃത്തിക്കുമൂലം
വിനഷ്ടാഖിലോപാധിയാകാശതുല്യൻ
ജഗച്ചേഷ്ടയിൽ ഹേതുവാരർക്കനേപ്പോ-
ലഹം നിത്യബോധസ്വരൂപൻ സ ആത്മാ 3

മനം നേത്രമിത്യാദ്യനാത്മാക്കളെല്ലാം
സദാതീച്ചുടൽപോലെ ബോധസ്വരൂപൻ
എവൻതന്നെയാശ്രയിച്ചകമ്പം നടക്കു-
ന്നഹം നിത്യബോധസ്വരൂപൻ സ ആത്മാ. 4

*2. വർണ്ണി = ബ്രഹ്മചാരി.*
*3. വിനഷ്ടാഖിലോപാധി = സകലഉപാധിയും നശിച്ചവൻ .*
*4. ബോധസ്വരൂപൻ = ജ്ഞാനസ്വരൂപൻ .*

മുഖഛായകണ്ണാടിയിൽ കാണ്മതെന്നും
മുഖത്തിങ്കൽ നിന്നന്യമായില്ലവസ്തു
ചിദാഭാസനാം ജീവനപ്പോലെ ബുദ്ധീ-
ലഹം നിത്യബോധസ്വരൂപൻ സ ആത്മാ. 5

യഥാ ദർശമില്ലേൽ മുഖഛായ പോമ്പോൾ
മുഖം കല്പനാശൂന്യമൊന്നുണ്ടു തന്നെ
തഥാധീയൊഴിഞ്ഞാലെവൻഛായയറ്റോ
നഹം നിത്യബോധസ്വരൂപൻ സ ആത്മാ. 6

സ്വയം മാനസാദീന്നു വേർപ്പെട്ടതാരാ
മനസ്സാദികൾക്കും മനസ്സാദിയപ്പോൾ
മനം നേത്രമിത്യാദികൾക്കെത്തിടാത്തോ
നഹം നിത്യബോധസ്വരൂപൻ സ ആത്മാ. 7

എവൻവേറുപോൽ ധീയിലേകൻവിഭാതി
വിശുദ്ധാന്തരൻ സ്വപ്രകാശൻ തഥാപി
യഥാസൂര്യനേകൻ ഘടാംഭസ്സിലുള്ളോ
നഹം നിത്യബോധസ്വരൂപൻ സ ആത്മാ. 8

അനേകാക്ഷിതൻ ഭാസ്കരൻസൂര്യനെപ്പോൽ
ക്രമേണ പ്രകാശിപ്പതാക്കില്ല വിശ്വം
ഒരേവൻ തഥാധീക്കളെല്ലാമകന്നാലഹം
നിത്യബോധസ്വരൂപൻ സ ആത്മാ. 9

യഥാമിത്രനാൽ ദീപ്തരൂപത്തെയക്ഷം
ഗ്രഹിക്കുന്നതില്ലർക്കനാഭാതനപ്പോൽ
യാഥാ ദീപ്തനേകൻ പ്രകാശിപ്പിതക്ഷം
അഹം നിത്യബോധ സ്വരൂപൻ സ ആത്മാ. 10

*6. ആദർശം = കണ്ണാടി*
*8 ധീയിൽ = ബുദ്ധിയിൽ*
*10 മിത്രൻ = ആദിത്യൻ അക്ഷം = ഇന്ദ്രിയം*

ചലദ്വാരിയർക്കൻ യഥൈകോപ്യനേകൻ
നിലയ്ക്കുന്നതിൽ താനൊരേഭാവരൂപൻ
ചലിക്കും വിഭിന്നാന്തരത്തിങ്കലേകൻ
അഹം നിത്യബോധസ്വരൂപൻ സ ആത്മാ . 11

ഘനച്ഛന്നനർക്കൻ പ്രഭാഹീനനെന്നാം
വിമൂഢൻ ഹിമത്താൽ മറഞ്ഞുള്ള നേത്രൻ
തഥാജ്ഞന്നു തോന്നുന്നെവൻ ബദ്ധനെപ്പോ
ലഹം നിത്യബോധസ്വരൂപൻ സ ആത്മാ. 12

വിയത്തെന്നപോൽ സ്വച്ഛമേകം വിശുദ്ധം
സമസ്തത്തിലും വ്യാപ്തമാമേതുതന്നെ
സമസ്തം പ്രപഞ്ചം തൊടുന്നില്ല പാർത്താ
ലഹം നിത്യബോധസ്വരൂപൻ സ ആത്മാ. 13

സ്ഫടീകത്തിനെപ്പോലുപാധീങ്കലുണ്ടാം
വിഭേദം തഥാ ബുദ്ധിഭേദങ്ങളിൽ തേ
ജലത്തിൽ കലയ്ക്കെങ്ങിനേ ചഞ്ചലത്വം
തഥാവ്യാപിയായുള്ളോരങ്ങേക്കുമുണ്ടാം. 14

*2. ഘനം = മേഘം*

# ഹരികീർത്തനം

ഹരിഃ

കത്തും ശിഖിക്കരിമയെത്തുന്നൊളിപ്പുരയി-
ലസ്തംഗമിച്ച മിഴിയാൽ കാണ്മതിന്നരിയ
ചിത്തിങ്കലൊത്തു ലയമാംപോലെ ചിത്തമതു
വർത്തിക്കുമാററുൾക ദേവേശകൃഷ്ണജയ. 1

കാണാക മേരുസുഷിരാന്തസ്ഥമാം പരചി-
ദേണാങ്കജാത സുധയാപ്ലാവിതം സപദി
വീണാക്വണേ സുഷിമുനദ്വാരിഹൃത്പ്രണവ
ബാണാവലക്ഷഗതദേവേശകൃഷ്ണജയ. 2

കിട്ടീടുവാന പുനരുത്ഥാന മേകനില-
പ്പെട്ടീശനൽ ചിതിയൊടൊന്നായ്സ്വമോർത്തുടനെ-
തട്ടീട്ടുനേതിവഴിയെല്ലാം മനം വിഭുവിൽ
നട്ടീട്ടുമാററുൾകദേവേശകൃഷ്ണജയ. 3

കീനാശനാശനമനസ്സങ്ങെിവൻ ധിഷണ
കൂനായ് വതിന്നബലതന് മൂത്രവർത്തിനിയിൽ
മീനായ്പിറന്നുലകു പാലിച്ചദേവ
വടിവാനായയിൽ ധരതി ദേവേശകൃഷ്ണജയ. 4

കുന്നൊത്ത സൌഖ്യമനുവേലംകൊതിക്കുമവ-
നൊന്നൊന്നകറ്റി വിഷയം നിങ്കലാക്കുമനം
മുന്നൊത്ത സത് സ്ഥിതി മറന്നുള്ള കണ്ഠമണി
തന്നൊപ്പിതിന്നരുൾക ദേവേശകൃഷണ ജയ. 5

*1. അസ്തംഗമിച്ച = അസ്തമിച്ച.*
*വീണാശബ്ദതുല്യശബ്ദമുള്ള*

കൂറെങ്കിലില്ലഭഗവാനെന്നു ലോകർപറ-
കേറുന്നതിനു വഴിയുണ്ടായിടായ് വതിനു
വീറുറ്റ ഭക്തിയുടയോനിൽ കൃപാരസമ
തൂറേണ്ട കാലമിതു-ദേവേശകൃഷ്ണജയ. 6

കേദാര മധ്യമതിലല്പം മിഴിച്ചുമിഴി-
യാദായ ചിത്തമൊടലക്കുന്ന വായുവിനെ
പൈദാഹ കാലഗതിയെല്ലാമമർക്കുവതി-
നൌദാസ്യപൂർത്തിയരുൾ-ദേവേശ കൃഷ്ണജയ. 7

കൈവല്യപാത്രമതു താനായെഴും വടിവു-
കൈവന്നതങ്ങുകളയുന്നേ നൃരാസഭർകൾ
സൈവാഹ മേഷചിതിയെന്നെന്നിയില്ലവനു
ദൈവാശ്രയൻ കരുതു-ദേവേശകൃഷ്ണജയ. 8

കോടീരവും നിടിലദേശത്തിലിട്ടമൃദു
പാടീരവും മണിയുമാവന്ന്യമാലയതും
ചൂടിട്ടുവാഴ്വൊരുജഗന്നാഥമോർത്തുബത
പാടീടുവാനരുൾക -ദേവേശകൃഷ്ണജയ. 9

കൌമുദ്വത്തിലുളവാം ശ്വേതിമയ്ക്കു മതി
വൈമുഖ്യമേകു വൊരുനിൻ പുഞ്ചിരിപ്പുതുക
കൈമുത്യമെന്നിയുരയില്ലീശ സൗധെമിതി
മോമുഹ്യമാനമവ -ദേവേശകൃഷ്ണജയ. 10

*7. കേദാരം = ലലാടന്തശ്ഛിദ്രം*
*8 . നൃരാസഭർകൾ = നരക്കഴുതകൾ*
*9. പാടീരം = ചന്ദനം*
*10. ശ്വേതിമാ = വെളുപ്പ്*

കണ്ഠാവസക്തജന ഭീയാം ഗജേന്ദ്രനൊരു
കണ്ഠീരവൻ സപദി നീയായ്ഭവിച്ചു മമ
കുണ്ഠീകരിച്ചു ദുരിതം വിഷ്ണുപാദമതിൽ
മണ്ടീടുമാറരുൾക ദേവേശ കൃഷ്ണജയ. 11

ഹരിഃ

ഒന്നായ് യോന്യംബുജാന്തർവിശദമകളമായ്
ശ്രീപരാ ശബ്ദഭാക്കായ്
നിന്നാനന്ദം വിതറ്റും 'ഹൃദയകമലമാ'
ദ്വൈതമായ്ശ്ലിഷ്ടമായ്മേൽ
എന്നാളും തേടി വേദാഗമമുടിവൊഴിവായ്
ച്ചൊല്ലുമച്ചിത് സുവൈക്യ-
ക്കുന്നായ് മിന്നും മദന്തർഗൃഹമണിമുരഭി-
ത്തേകണം മംഗളം മേ. (അ)

ഹരിഃ

താരക്കണ്ണൊാടിതന്നിൽ പ്രതിഫലനമെടു-
ത്തിട്ടു നീയെൻ പുരാനേ!
താരായോഗം ധരിപ്പോർക്കമലസഹിതിയ-
ങ്ങേകുവോന്നോർപ്പു ഞാനോ
നീരുക്കാംക്ഷാമുളക്കുന്നതുതരികധുനാ
വൃഷ്ണിവംശ പ്രദീപം
ചേരും ഭക്ത്യാ പുകഴ്ത്തുന്നടിയനുടയവൻ
നീയൊഴിഞ്ഞില്ല യാതോൻ. (ആ)

(അ) *ഹൃദയകമലമാ = ഹൃദയകമലം വരെ*
(ആ) *സഹിതി = സാഹിത്യം (ചേർപ്പ്)*
*ശിഷ്ടം = ചേർന്നത്*
*മേൽ = മുകളിൽ*

ഹരിഃ

കണ്ഠേ  കാലന്നുപോലും ദുരധിഗമമതാ
യുള്ള നൽപൂവിൽമാ വൈ-
കുണ്ഠേ ചേരും മനോ വാരണ വരനെയജൻ
ചിത്ക്കുഴീൽ നീയിടേണം
പണ്ടേതിൽ തന്നെ രണ്ടറ്റൊരു പരമരസം
മോന്തിയൊന്നാം ഭവാനോ-
ടുണ്ടേവം വീണുകേഴുന്ന കമലരിലിവൻ
കൃഷ്ണ! കൃഷ്ണാച്യുതേശ  (ഇ)

*(ഇ) കണ്ഠേകാലൻ= ശിവൻ*
*ദുരധിഗമം = അറിവാൻ  പാടില്ലാത്ത (എത്താത്ത)*

# രാമഹൃദയം ഭാഷാ

പിന്നീടു രാമനരികാർന്നൊരു വായുപുത്രൻ
തന്നോടു 'ജീവജഡചിത്തുകൾ തൻറെ തത്വം
നിന്നോടുഞാൻ പറവനായതുകേൾക്ക'യെന്നു
ചൊന്നെന്നു പാർവ്വതിയൊടായരുൾ ചെയ്തു ശംഭു; 1

ആകാശഭേദമെതുപോലറിയപ്പെടുന്ന-
താകുന്നു മൂന്നുവിധമായി മഹാനഭസ്സ്
നീരാശയത്തിലതിനാലളവിട്ട വാൻ പോൽ
പാരാശയത്തിൽ നിഴലിച്ച നഭസ്സിവണ്ണം. 2

ചിത്തീവിധത്തിലുളവായി സമഷ്ടിബുദ്ധി
യുക്തന്മഹേശനകതാർ നിഴലെന്നു രണ്ടും
സത്തായിടുന്ന പരമാത്മ പദാർത്ഥമൊന്നും
ചേർത്താണു തന്നെ ചിതി മൂന്നുവിധം പറഞ്ഞു. 3

ചിത്തീന്നെഴുന്ന നിഴലുള്ളൊരൂ ബുദ്ധി തൻറെ
കർത്തൃത്വമെന്നതു വികാര ഹീനനായി
നിർഭേദനായിടിന സാക്ഷിയിലജ്ഞരാലെ
ജീവത്ത്വവും ഭ്രമമൊടേറ്റിയതായിടുന്നൂ. 4

*2. മഹാനഭസ്സ് = മഹാകാശം*
*നീരാശയം = തടാകം*
*3. സമഷ്ടി = സമസ്തം, ചിതി = ചൈതന്യം*
*4. വികാരഹീനൻ = വികാരശൂന്യൻ,*
*നിർഭേദൻ = ഭേദമറ്റവൻ*

ചിച്ഛായയായതു മൃഷാഭ്രമമാ"ണവിദ്യാ
വിഛേദമാർന്നി" തുളവായിതി ചൊല്ലിടുന്നു.
തദ്ബ്രഹ്മമോ നിഖിലഭേദമകന്നതാണ്.
ഭേദം കരേറ്റിടുമുപാധി നിമിത്തമാകും. 5

ആഭാസനുള്ളെഴുമവിദ്യയതേയൊഴിച്ച
ജീവന്നു ശുദ്ധനൊടഖണ്ഡമതാകുമൈക്യം
ചൊല്കപ്പെടുന്നിവിടെയപ്പടി തത്ത്വമസ്യാ
ദ്ധാകും മഹാപദമൊടൊത്തൊരു വാക്യവൃന്ദെഃ 6

എപ്പോതു ജീവപരർ തങ്ങടെയൈക്യബോധ-
മുല്പന്നമാം ശ്രുതി മഹാവചനത്തിനാലെ
അപ്പോളവിദ്യയതു കാര്യമതാം പ്രപഞ്ച-
മൊപ്പം നശിക്കുമതിനില്ലൊരു ശങ്കയല്പം. 7

എന്നിഷ്ടനായവനറിഞ്ഞിതു തൻസ്വരൂപ-
മൊന്നിങ്കൽ നില്ക്കുമിഹ ഭക്തി വിഹീനരായി
ശാസ്ത്രാന്തരക്കുഴിയിലാഴുമവർക്കുബോധ-
മെത്തില്ല മുക്തിരപി ജന്മശതങ്ങളാലും 8

*7 ജീവപരൻ = ജീവ ബ്രഹ്മങ്ങൾ*
*അവിദ്യതൻറെ കാര്യമായ*
*പ്രപഞ്ചത്തോടൊപ്പം നശിക്കും.*

*8 മുക്തിരപി = മുക്തിയും*

നിന്നോടെന്റെ  രഹസ്യമായ ഹൃദയം
ശുദ്ധ! കഥിക്കപ്പെടു-
ന്നെന്നാൽ താൻ പരനാലെ ഭക്തിരഹിത-
ന്നായി ശഠന്നായിതു
രാജ്യത്തീന്നു മഹേന്ദ്രനുള്ളൊരു പദ-
ത്തിങ്കേന്നുമേറ്റം മഹത്
സജ്യം  ചെയ്യരുതാകയാൽ  പരനുന-
ല്കീടുന്നതിന്നായിദം      9

ശ്രീ ബാലാഖ്യയമീന്ദ്രാം-
ഘ്ര്യംബുജ ഭൃംഗേന നീലകണ്ഠേന
ശ്രീരാമഹൃദയ ഭാഷാ-
നിർമ്മിതിയാലേകി സന്മതി സ്വജനേ.

*സജ്യംചെയ്യുരുത് = സന്നദ്ധനാകരുത്*
*(വർജ്ജ്യം = പാർക്കരുതാകയാൽ) എന്നുമാകാം*
*ബാലാഖ്യനായിരിക്കുന്ന യമീന്ദ്രൻറെ      പദമാകുന്ന*
*അബ്ജത്തിനു വണ്ടായവനാൽ*
*നിർമ്മിതി = നിർമ്മാണം(ഉണ്ടാക്കൽ)*

# ആത്മപഞ്ചകം ഭാഷ

ഹരിഃ

അല്ലിന്ദ്രിയങ്ങൾ മനമല്ല, ശരീരമല്ല,
പ്രാണങ്ങളല്ലഹ,മഹംകൃതി,യല്ല ബുദ്ധിഃ
ദാരങ്ങൾ  കുഞ്ഞുകൾ നിലംധനമാദിയല്ല
സാക്ഷ്യന്തരാത്മകനഹം ശിവനാണു നിത്യം. 1

വള്ളിയെന്നറിയായ്കയാലതു സർപ്പമായിടുമാറുപോ-
ലുള്ളിലാരഹമെന്ന ബോധമെഴാതെ ജീവനതായിതാൻ
സിദ്ധവാക്കതിനാലഹിഭ്രമമാറി വള്ളിയതായപോൽ
ബുദ്ധമായിതു ജീവനല്ല ശിവോഹമെന്നു
ഗുരൂക്തിയാൽ 2

സത്യബോധസുഖസ്വരൂപമതായിടും പരവസ്തുവിൽ
മിഥ്യയാകിയ വിശ്വമുണ്ടറിയുന്നു വിഭ്രമശക്തിയാൽ
സുപ്തിമോഹബലാൽ സുവപ്നസമാനമായിത
സത്യമാം
നിത്യനങ്ങിനെ ശുദ്ധനാം  പരിപൂർണ്ണനൊന്നഹമേ
ശിവൻ 3

*1. അഹംകൃതി= അഹം കാരം*
*2. അഹിഭ്രമം = സർപ്പമെന്ന ശങ്ക*
*ബുദ്ധം = അറിഞ്ഞത്*
*ഉണ്മയായതു = ഉള്ളത്*

എങ്കൽനിന്നകലത്തു സത്യമതാം ജഗത്തണു തുല്യമാ-
യെങ്കിലും നഹി ബാഹ്യവസ്തുവവിദ്യയാൽ
പരികല്പിതം
ദർപ്പണത്തിനകത്തെഴുന്നവ പോലെയദ്വയനായിടു-
ന്നിപ്പുരീശനിലുണ്ടു തോന്നിവരുന്നു ഞാനതിനാൽ
ശിവൻ 4

ജന്മവൃദ്ധി വിനാശമറ്റവനാണു ഞാൻ പറകപ്പെടും
മായയാലുളവായിടുന്നവ ദേഹധർമ്മമശേഷവും
ചിത്സ്വരൂപനെനിക്കു കർത്തൃത തൊട്ടതില്ലതഹം
കൃതി-
കുണ്മയായതു തന്നെ ഞാൻ ശിവശബ്ദലക്ഷ്യ-
പരാല്പരൻ 5

ഞാൻ ജാതനല്ല, മരണം ജനിയെങ്ങെനിക്കു
ഞാൻ പ്രാണനല്ല, പശിദാഹമതെന്തു ചിത്തം
ഞാനല്ല, ശോകമതുപോൽ മമ മോഹമെങ്ങു
കർത്താവുഞാൻ നഹി,കുതോ മമബന്ധമുക്തി. 6

*ബാലനാമ യമീന്ദ്രൻറെ*
*ഭൃത്യനാം നീലകണ്ഠനാൽ*
*ആത്മപഞ്ചക ഭാഷേയം*
*കൃതാജ്ഞാതാ വിമുക്തിദാ.*

*5 ശിവശബ്ദലക്ഷ്യൻ = ശിവശബ്ദത്താൽ ലക്ഷ്യമാക്കപ്പെട്ടവൻ*

*ശുഭം*

# ശ്രീരാമ ഗീതാഭാഷാ വ്യാഖ്യാനം

1 സീതയെ പരിത്യജിച്ചതിനുശേഷം ശ്രീരാമൻ വ്രതാനുഷ്ഠാനങ്ങളോടെ കൊട്ടാരത്തിൽ കഴിഞ്ഞുവന്നു. അക്കാലത്ത് തന്റെ സൽഭരണം കൊണ്ടുള്ള സൽകീർത്തി നാലുദിക്കിലുംപരന്നു. ലക്ഷ്മണന്റെ ആവശ്യപ്രകാരം ശ്രീരാമൻ നൃഗരാജാവിനേറ്റ ശാപമുൾപ്പെടെയുള്ള പല പുരാണകഥകളും പറഞ്ഞുകേൾപ്പിച്ചു. അങ്ങനെയിരിക്കെ ഒരു ദിവസം ലക്ഷ്മണൻ ശ്രീരാമനോട് തനിക്ക് ജ്ഞാ-നോപദേശം ചെയ്തു കൊടുക്കണമെന്ന് അപേക്ഷിച്ചത-നുസരിച്ച് ഭഗവാൻ ഉപദേശിച്ചു കൊടുത്ത തത്വമാണ് ഇതിലെ പ്രതിപാദ്യം (അദ്ധ്യാത്മരാമായണം ഉത്തര കാണ്ഡം 5ഠം സർഗ്ഗം)

2 വർണ്ണാശ്രമധർമ്മങ്ങൾ അനുഷ്ഠിച്ച് അന്തഃകരണശുദ്ധി വരുത്തിയശേഷം, നിത്യാനിത്യ വസ്തുവിവേകം, ഇഹാമുത്രഫലഭോഗവിരാഗം, ശമം, ദമം, തിതിക്ഷ, ഉപരതി, ശ്രദ്ധ, സമാധാനം, മോക്ഷേച്ഛ എന്നീ സാധനചതുഷ്ടയത്തോടു കൂടിയ ജിജ്ഞാസു, സംസാരമുക്തിക്കായി യഥാവിധി ഗുരുവിനെ സമീപിക്കണം.

3 ജീവാത്മാക്കൾക്ക് കർമ്മങ്ങൾ കൊണ്ട് ജന്മങ്ങളും ദേഹലബ്ധിയിൽ പൂർവ്വവാസനഹേതുവായി പ്രിയാപ്രിയങ്ങളും,ധർമ്മാധർമ്മങ്ങളുമായ കർമ്മാനുഷ്ഠാനങ്ങളാൽ പുനർജന്മങ്ങളും ഉണ്ടാകുന്നു.

4 ജന്മത്തിന് അവിദ്യയാണ് കാരണം. അതിനെ ഇല്ലാതാക്കുകയാണ് ആദ്യമായി വേണ്ടത്. വിദ്യ കൊണ്ടേ അവിദ്യ നശിക്കുകയുള്ളു.

5 വിജ്ഞാനംകൊണ്ടല്ലാതെ അജ്ഞാനവും രാഗാദിദോഷങ്ങളും നശിക്കുന്നില്ല. അതുകൊണ്ടുതന്നെ സംസാരവും ഒഴിവാകുന്നില്ല. വിദ്വാൻ ഈ വസ്തുത വിചിന്തനം ചെയ്യേണ്ടതാണ്.

6 വേദോക്തകർമ്മങ്ങൾ മോക്ഷസാധനമാണെന്ന് വിധിക്കുന്നുണ്ടെങ്കിലും വിദ്യയാണ് മോക്ഷത്തിന് കാരണമായിട്ടുള്ളത്.

7 മോക്ഷം ആഗ്രഹിക്കുന്നവർ കർമ്മം ഉപേക്ഷിക്കേണ്ടതില്ലെന്ന് വേദം അനുശാസിക്കുന്നുവെങ്കിലും, ധ്യാനമനനാദി അനുഷ്ഠാനകർമ്മങ്ങളേ ജ്ഞാനപ്രാപ്തിക്കു സഹായിക്കൂ.

8 ,9 യാഗത്തിന് പല വിധ ഉപകരണങ്ങളും ആവശ്യമാണ്. അതുകൊണ്ട് അത് സത്യകാര്യമല്ല എന്നു ചിലർ പറയുന്നുണ്ട്. എന്നാൽ ദേഹാഭിമാനംകൊണ്ട് ചെയ്യുന്ന യാഗകർമ്മങ്ങൾ ഭ്രമകാരണവും അഹന്തയെ വർദ്ധിപ്പക്കുന്നതുമാകുന്നു.

10, 11 ശുദ്ധാദ്വൈതിയുടെ ബുദ്ധിയുടെ അവസാനത്തെ വ്യാപാരമാണ് വിദ്യ. ആ വിദ്യഎല്ലാ കർമ്മങ്ങളെയും അതിന്റെ ബന്ധങ്ങളെയും നശിപ്പിക്കുന്നതാണ്. അതുകൊണ്ട് പരമാത്മസ്മരണയുള്ളവൻ കർമ്മങ്ങളെല്ലാം ഉപേക്ഷിക്കണം. സൂര്യന് അന്യോന്യഭിന്നങ്ങളായ ഇരുളും വെളിച്ചവും ഒന്നുപോലെനിലനിറുത്തുവാൻ സാധ്യമല്ലല്ലോ.

12 ദേഹമാണ് ഞാൻ എന്ന ബുദ്ധിയുള്ളിടത്തോളംകാലം മോഹത്താൽ വിധിക്കധീനനായി പ്രവർത്തിക്കേണ്ടിവരുന്നു. ‘നേതി ’ ‘നേതി’

(ഇതല്ല, ഇതല്ല ) എന്ന് സർവ്വവും പരീക്ഷിച്ചറിഞ്ഞ് താൻ പരബ്രഹ്മമാണെന്ന് ബോധിച്ച് കർമ്മങ്ങളെല്ലാം ഉപേക്ഷിക്കണം.

13 ജീവനെന്നും ഈശ്വരനെന്നും ഉള്ള ഭേദത്തെ നശിപ്പിക്കുന്ന വിശുദ്ധ ജ്ഞാനം എപ്പോഴാണോ ഉറയ്ക്കുന്നത് അപ്പോൾ സംസാരകാരണമായ മായ നിശ്ശേഷം നശിക്കുന്നതാണ്.

14 ശാസ്ത്രജ്ഞാനത്താൽ അവിദ്യാനാശം വന്ന് കേവലാത്മാവാണു താനെന്ന ബോധം ഉറച്ചജീവന് പിന്നീട് ഒരിക്കലും മായാബന്ധം ഉണ്ടാകുന്നതേയല്ല.

15 ദേഹമാണ് ആതമാവെന്ന് വിചാരിക്കുന്നവരുടെ അഭിപ്രായത്തിൽ ശരീരം ആണ് കർത്താവ്. അത് മരണാനന്തരം നിലനിൽക്കുന്നില്ല. കർത്താവ് പരമാത്മാവാണെന്ന് കരുതുന്നവർക്ക് മരണാനന്തരവും ഇതരാപേക്ഷകൂടാതെ അത് പ്രശോഭിക്കുന്നതായി കാണാൻ കഴിയും.

16 കർമ്മത്യാഗം മോക്ഷകാരണം എന്നുതന്നെയാണ് തൈത്തിരിയോപനിഷത്ത് പറയുന്നത്. കർമ്മംകൊണ്ട് മോക്ഷം ഉണ്ടാവുകയില്ല അത് ജന്മം ഉണ്ടാക്കുന്നതാണെന്ന് വാജസനേയശാഖയും പ്രസ്താവിക്കുന്നു.

17 പല ഉപകരണങ്ങളുടെയും സഹായങ്ങൾ കൊണ്ടു മാത്രം ഫലസിദ്ധി കിട്ടുന്ന യാഗവും മനഃശുദ്ധികൊണ്ടു മാത്രം നേടാവുന്ന ജ്ഞാനവും ഫലത്തിൽ തുലോം വിപരീതങ്ങളാണ് .

18 അനാത്മാവായ ദേഹമാണ് ഞാൻ എന്ന അജ്ഞന്റെ തോന്നൽ ദുഃഖകാരണവും പാപസംയുക്തവും ആകുന്നു. ഈ തോന്നൽ ജ്ഞാനിക്ക് ഇല്ലതന്നെ. കർമ്മം ചെയ്യുന്നുവെങ്കിലും കർമ്മജന്യമായ ഫലങ്ങളെയെല്ലാം ഉന്മൂലനം ചെയ്യാൻ ജ്ഞാനിക്ക് സാധിക്കും.

19 സദ്ഗുരുവിന്റെ അനുഗ്രഹംകൊണ്ട് ലഭിച്ച 'തത്വമസി' മഹാവാക്യത്തിന്റെ അർത്ഥം മനനം ചെയ്തറിഞ്ഞ് ജീവാത്മപരമാത്മാക്കളുടെ ഐക്യം അന്തഃകരണത്തിൽ അനുഭവിച്ചറിയുന്നവൻ മഹാമേരുപർവ്വതംപോലെ ഉറച്ച ബുദ്ധിയുള്ളവൻ ആയിരിക്കും.

20 'തത് +ത്വം + അസി' എന്ന മഹാവാക്യത്തിൻറെ അർത്ഥം മനസ്സിലാകുമ്പോൾ പദാർത്ഥം യഥാക്രമം ബ്രഹ്മം, ജീവൻ, ആകുന്നുവെന്ന് സിദ്ധിക്കും.

21 പരോക്ഷമാണ് ബ്രഹ്മമെന്നും പ്രത്യക്ഷമാണ് ജീവനെന്നുമുള്ള ഭേദം നശിച്ച് ഉപാധിയറ്റ ജീവന് ശുദ്ധ ജ്ഞാന സ്വരൂപമായ പരബ്രഹ്മംതന്നെ താൻ എന്ന ബോധം ഉറയ്ക്കും.

22 ഏകാത്മഭാവത്തിനാൽ 'ജഹല്ലക്ഷണ്'യും' 'അജഹല്ല ക്ഷണ'യും ഇവിടെ യോജിക്കുന്നില്ല. അതിനാൽ' ഭാഗ ത്യാഗലക്ഷണ'യാണ് ഇവിടെ യുക്തം.

23 സ്ഥൂല ശരീരം മുജ്ജന്മ കർമ്മങ്ങളാലുണ്ടായതാണ്. പഞ്ചഭൂതങ്ങളെ പഞ്ചീകരിച്ചുണ്ടാക്കിയ ആ സ്ഥൂല ശരീരം മായാബന്ധം വന്ന പരമാത്മാവിന്റെ ഉപാധിയും ഊട്ടുപുരയും ആകുന്നു.

24 പത്ത് ഇന്ദ്രിയങ്ങളും,ബുദ്ധിയും, പഞ്ചപ്രാണങ്ങളും മനസ്സും ചേർന്നതാണ് സൂക്ഷ്മ ശരീരം

പഞ്ചീകരണം കൊണ്ട് ഭൂതപഞ്ചകങ്ങളുടെ അംശം കൂടി കലർന്ന ഇത് ഭോക്താവിൻറെ സുഖദുഃഖാഭോഗത്തിനുള്ള ഉപകരണമാണ്.

25 അജ്ഞാനമാണ് കാരണശരീരം. അത് നിരുപാധികമാകുന്നു.

26 വർണ്ണപുഷ്പങ്ങളുടെ സാമീപ്യംകൊണ്ട് സ്പടികത്തിനും ആ നിറം സിദ്ധിക്കുന്നതുപോലെ പഞ്ചകോശസംബന്ധംകൊണ്ട് ആത്മാവും ആ വിധത്തിലായിത്തീരുന്നു. കോശബന്ധം വിട്ട ആത്മാവ് അസംഗനും, എകനും, അജനുമാണ്.

27 ത്രിഗുണാത്മകമായ ശരീരത്തോടുകൂടിയ ജീവാത്മവിനാണ് വൃത്തിത്രയങ്ങളുള്ളതെന്ന് ബുദ്ധികൊണ്ടറിയാം. എന്നാൽ പരമാത്മാവിന് ജീവന്റെ അവസ്ഥാത്രയവുമായി ബന്ധം ഇല്ലതന്നെ.

28 ദേഹം, ഇന്ദ്രിയങ്ങൾ, പ്രാണൻ, മനസ്സ് എന്നിവ ചിച്ഛക്തിയുടെ പ്രവേശത്താൽ ചൈതന്യ വത്താകും. അജ്ഞാനം കൊണ്ടുണ്ടാകുന്ന ബുദ്ധിവൃത്തി, സർപ്പഗമനംപോലെ സംസാര മുക്തിപര്യന്തം വക്രഗതിയുള്ളതായിത്തീരുന്നു.

29 'ഇതല്ല' 'ഇതല്ല' എന്ന് എല്ലാം പരിത്യജിച്ച് ഹൃദയം കൊണ്ട് ചിദമൃതത്തെ മതിയാവോളം അനുഭവിച്ചവൻ, രസസങ്കുലമായ ജഗത്തിനെ,വേണ്ടുവോളം ജലംകുടിച്ച് ദാഹം ശമിച്ചവൻ കാനൽജലത്തെയെന്നപോലെ ഉപേക്ഷിക്കുന്നു.

30 നിത്യനൂതനനും, സർവ്വവ്യാപിയും, അന്യൂനനും നാശരഹിതനും, സ്വയംപ്രഭനും സുഖരൂപനും ഏകനും, സകലാതിശയങ്ങളെയും അസ്തപ്രഭമാക്കുന്നവനുമായ പരമാത്മാവ് നിത്യനായി വിളങ്ങുന്നു.

31 ജ്ഞാനഘനാനന്ദ സ്വരൂപനായ പരമാത്മാവിൽ ദുഃഖ സമ്പൂർണ്ണമായ സംസാരത്തെ എങ്ങനെയാണ് യോജിപ്പിക്കുക? മോഹത്തിലുള്ള ആദ്യാരോപം എന്നനിലയ്ക്ക് അത് യോജിക്കും. ജ്ഞാനോദയം ഉണ്ടാകുമ്പോൾ ആ തോന്നൽ നശിക്കുകയും ചെയ്യും.

32 ബുദ്ധിഭ്രമത്താൽ ഒരു വസ്തുവിനെ മറ്റൊന്നായി ധരിക്കുന്നതിനെയാണ് അദ്ധ്യാസമെന്ന് വിജ്ഞാനികൾ പറയുന്നത്. അരണ്ട വെളിച്ചത്തിൽ കയറിൽ കണ്ട പാമ്പ്, നല്ല വെളിച്ചത്തിൽ എങ്ങനെ ഇല്ലാതാവുന്നുവോ അതുപോലെ പരമാത്മാവിൽ കണ്ട ജഗത്തും ഭ്രമമാണെന്ന് ജ്ഞാനോദയത്തിൽ ബോധ്യമാകും.

33 മായാബന്ധമില്ലാത്ത ജ്ഞാനസ്വരൂപനിൽ ഞാൻ എന്ന ബോധം ആദ്യം ഉണ്ടായി. ആദികാരണവും, ധർമ്മാധർമ്മഭേദമില്ലാത്തതുമായ പരമാത്മാവിൽ അധ്യസ്ഥമാണ് ഈ തോന്നൽ.

34 സുഖം, ദുഃഖം, ഇഷ്ടം, അനിഷ്ടം തുടങ്ങിയ ദ്വന്ദ്വങ്ങൾ ചേർന്ന് ബുദ്ധിയുടെ പരിണാമമാണ് സംസാരമൂലങ്ങളായി പരനിൽ ചേർന്നിരിക്കുന്നത്. നിദ്രാവസ്ഥയിൽ മനസ്സിന്റെ പ്രവർത്തനം നിലച്ചിരിക്കുമ്പോൾ സുഖസ്വരൂപനായി ആ പരമാത്മാവ് നമുക്ക് അനുഭവപ്പെടും.

35 അനാദിയായ അവിദ്യയുടെ കാര്യമായ മനസ്സിൽ പ്രതിബിംബിക്കുന്ന പരമാത്മാവിന്റെ ഛായയാണ് ജീവൻ. ഈ ജീവൻ സാക്ഷിരൂപമായി ബുദ്ധിയിൽ ബദ്ധമായി സ്ഥിതി ചെയ്യുന്നു.

36 തീയ്യിൽ പഴുപ്പിച്ചെടുത്ത ഇരുമ്പിന്റെ എല്ലാ ഭാഗത്തും അഗ്നി എങ്ങനെ വ്യാപിച്ചിരിക്കുന്നുവോ അതുപോലെ സാക്ഷിരൂപനായ ആത്മാവ്, മനസ്സ്, ബുദ്ധി ഇവയുടെ ചേർച്ച കൊണ്ട് ജഡ ചൈതന്യഭേദമില്ലാത്തതായിതീരും.

37 സദ്ഗുരുവിൽനിന്ന് വേദാന്തവാക്യശ്രവണത്താൽ വിദ്യാനുഭൂതി സിദ്ധിച്ചവൻ ആത്മരൂപം സ്വയം അറിഞ്ഞ് നിരുപാധികനായ ആത്മാവിനെ ഹൃദയാകാശത്തിൽ കണ്ട് ജഡങ്ങളായ വിഷയങ്ങളെ ത്യജിക്കണം.

38 ഏകനും അത്യന്തവിശുദ്ധനും ജനനമറ്റവനും തേജസ്വിയും പൂർണ്ണനും നിർവ്വികാരബോധ സ്വരൂപനും അകർമ്മിയും ആനന്ദസ്വരൂപനുമാണ് ഞാൻ എന്നറിയണം.

39 വേദജ്ഞരാൽ ധ്യാനിക്കപ്പെടുന്ന ഞാൻ ഇന്ദ്രിയങ്ങൾ കൊണ്ടറിയപ്പെടാത്തവനും അനന്തമഹിമയുള്ളവനും നിത്യമുക്തനും അചിന്ത്യനും ആണ്.

40 ഔഷധസേവയിൽ രോഗ ശമനം സംഭവിക്കുന്നതു പോലെ നിതാന്ത ധ്യാന നിരതനാകുന്നവൻ അവിദ്യാബ ന്ധമുള്ള വിഷയങ്ങളിൽ നിന്ന് നിത്യമുക്തനായിത്തിരുന്നു.

41 ഇന്ദ്രിയമനോജയം നേടി ശുദ്ധബുദ്ധിയായി ഏകാന്ത വാസം ചെയ്തുകൊണ്ട് മറ്റെല്ലാം വിട്ട് തന്നിലുള്ള ബോധ മാകുന്ന കണ്ണുകൊണ്ട് പരനെ നോക്കിക്കാണണം:

42 പരമാത്മാവിനെ മറയ്ക്കുന്ന ഈ ജഗത്തിനെ പരമാ ത്മാവായ ആദികാരണത്തിൽ ലയിപ്പിച്ച് സർവ്വവ്യാപിയും സദാനന്ദനുമായിരിക്കുന്നവൻ ഉള്ളും പുറവും അറിയുന്നേ ഇല്ല.

43 സ്ഥാവര ജംഗമങ്ങളായ ഈ ജഗത്തെല്ലാം ഓം കാര മാണെന്ന് സമാധിക്ക് മുമ്പായി ധരിക്കണം നാദബ്രഹ്മമാണ് പ്രണവം. അവിദ്യകൊണ്ട് വ്യത്യസ്തമായുണ്ടാകുന്ന തോന്നലിനു അജ്ഞാനമാണ് നിദാനം.

44 ഓംകാരത്തിലെ 'അ'കാര സ്വരൂപൻ വിശ്വനും 'ഉ'കാര സ്വരൂപൻ തൈജസനും, 'മ'കാര സ്വരൂപൻ പ്രാജ്ഞനും ആകുന്നു.

45 'അ'കാരനാമകനായ വിശ്വനെ 'ഉ'കാര നാമകനായ തൈജസനിൽ ലയിപ്പിച്ച് അതിനെ 'മ'കാര നാമകനായ പ്രാജ്ഞനിൽ ചേർക്കണം.

46 പ്രണവമൂലമായ പ്രാജ്ഞനെ പരചിത്തിൽ (തുരീയത്തിൽ) ചേരത്തക്കവണ്ണം ആക്കിത്തീർത്ത മുക്തൻ മായാമറവറ്റ് വക്രഗതിവിട്ട് ശുദ്ധ ബോധസ്വരൂപനായിത്തീരുന്നു.

47 ഇങ്ങനെ പരമാത്മതത്ത്വവിചാരം ചെയ്തു ചെയ്ത് തന്നെ മറന്ന് നിജാനന്ദം പൂകിയവൻ തിരയില്ലാത്ത സമുദ്രം പോലെ ശാന്തനും, സ്ഥിരബുദ്ധിയും സച്ചിദാനന്ദസ്വരൂപ നുമായി പ്രശോഭിക്കുന്നു.

48 ഈ വിധം സമതലഭിച്ച് ഷഡ്വൈരികളെ വെന്ന യോഗി വിഷയ വൈരാഗ്യം വന്ന് താൻ ബ്രഹ്മമാണെന്ന് അറിയുന്നു.

49 ഇപ്രകാരം താൻ ബ്രഹ്മമെന്നുറച്ച് സകലബന്ധങ്ങളും വിട്ട് അഭിമാനം പോയി,പ്രാരബ്ധകർമ്മഫലങ്ങളനുഭവി ക്കുന്ന യോഗി, പരമാനന്ദസ്വരൂപത്തിൽ പിന്നീട് വിലയി ക്കുന്നു.

50 ആദിമധ്യാന്തങ്ങളിലെ ജന്മത്തെ അറിഞ്ഞിട്ട്, ഭയം, ശോകം എന്നിവയ്ക്ക് കാരണമായ ദ്വൈതബുദ്ധി വെടിഞ്ഞ് ഭേദബുദ്ധികളൊക്കെ ഉപേക്ഷിച്ച് എങ്ങും നിറഞ്ഞ ആത്മ ചൈതന്യത്തെ അറിയുക.

51 ബ്രഹ്മാവു മുതൽ പ്രപഞ്ചത്തിലുള്ള സകലതും യാതൊരു ഭേദവും കൂടാതെ തന്നെ ആത്മസ്വരൂപമാകുന്നു. ജലത്തിൽ ജലവും ആകാശത്തിൽ ആകാശവും വായുവിൽ വായുവുംപോലെ ജീവാത്മാ പരമാത്മാവിൽ അഭിന്ന മായി ചേരുന്നു .

52 ജഗത്ത് നശിക്കുന്നതായതുകൊണ്ട് ജഗന്നിവാസിയായ മുനി ഈ ജഗത്ത് മിഥ്യയാണെന്ന് വിചിന്തനം ചെയ്ത് അറിയേണ്ടതാണ്. ദിഗ്ഭ്രംശം വന്നവൻ ചന്ദ്രനെ നോക്കി ദിക്കു നിശ്ചയിക്കുന്നതുപോലെ ശാബ്ദം, യുക്തി എന്നിവ ഇതിനു പ്രമാണമാണ്.

53 എന്നുവരെ ഇതു ബോധ്യപ്പെടുന്നില്ലയോ അന്നുവരെ ഞാൻ ശ്രദ്ധയുള്ള ഭക്തനായിരിക്കട്ടെ.

54 സുഹൃത്തെ, എന്നാൽ വേദസാരം പറയപ്പെട്ടിരിക്കുന്നു. ഇതിൽ. പറഞ്ഞിരിക്കുന്നവിധം മനനം ചെയ്യുന്ന ബുദ്ധിമാൻ സർവ്വ പാപങ്ങളിൽ നിന്നും വിമുക്തനായിത്തീരുന്നു.

55 ഗുരുസ്മരണയോടുകൂടി, ഈ ജഗത്ത് മിഥ്യയെന്ന് മനനം ചെയ്തുറപ്പിക്കുന്ന ശുദ്ധചിത്തൻ നിത്യാനന്ദം പ്രാപിക്കും.

56 ഗുണാതീതനായ പരമാത്മാവിനെ സഗുണനായി ഉപാ സിക്കുന്നവനും തന്റെ പാദ ധൂളികൊണ്ട് ത്രിഭുവനത്തെ സൂര്യനെന്നപോലെ, പരിശുദ്ധമാക്കുന്നു.

57 വേദശാഖയായ ഈ ഗീതത്താൽ, ഉപനിഷത് സാരമായ ജീവബ്രഹ്മൈക്യ ബോധം കൈവരുന്നതാണു. ഗുരു ഭക്തിയോടുകൂടി ശ്രദ്ധയുള്ളവൻ ഇത് പരിശീലനം ചെയ്താൽ ഈശ്വര സായൂജ്യം സിദ്ധിക്കുന്നതാണു.

# ഹസ്താമലകം ഭാഷ

1 ഭവാൻ ആരാകുന്നു? നിന്റെ പേര് എന്ത്? നീ എവിടെ നിന്ന് വരുന്നു? ഈ ചോദ്യങ്ങൾക്കുള്ള സമാധാനമാണ് താഴെപ്പറയുന്നത്.

2 ഞാൻ മനുഷ്യനോ, ദേവനോ, യക്ഷനോ, ബ്രാഹ്മ ണനോ, ക്ഷത്രിയനോ, വൈശ്യനോ, ശൂദ്രനോ അല്ല. ഗൃഹസ്ഥനോ, ബ്രഹ്മചാരിയോ,വാനപ്രസ്ഥനോ സന്യാസിയോ അല്ല. ഞാൻ നിത്യബോധസ്വരൂപനായ ആ ആത്മാവാണ്.

3 മനസ്സ്, ഇന്ദ്രിയങ്ങൾ തുടങ്ങിയവയെ പ്രവർത്തിപ്പിക്കു ന്നതും ഉപാധിയറ്റതും, ആകാശതുല്യവും, സൂര്യനെപ്പോലെ ഈ ജഗത്തിനെ പ്രവർത്തിപ്പിക്കുന്നതിന് കാരണവുമായ നിത്യബോധസ്വരൂപനായ ആത്മാവാണ് ഞാൻ.

4 മനസ്സ്, കണ്ണ് തുടങ്ങിയ അനാത്മവസ്തുക്കൾ ആരെ ആശ്രയിച്ചാണോ പ്രവർത്തിക്കുന്നത്, അഗ്നിപോലെ പ്രകാശിക്കുന്നവനും നിത്യബോധ സ്വരൂപനുമായ ആ ആത്മാവാണ് ഞാൻ.

5 മുഖത്തിൻറെ ഛായയാണ് കണ്ണാടിയിൽ പ്രതിഫലിക്കുന്നത്. മുഖമല്ലാതെ മറ്റൊരു വസ്തുഇല്ല . അതുപോലെ ബുദ്ധിയാകുന്ന ഉപാധിയിൽ പ്രതിഫലിക്കുന്ന പരമാത്മാവാണ് ചിദാഭാസനെന്ന ജീവൻ. ആ ആത്മാവാണ് ഞാൻ.

6 കണ്ണാടിയുടെ അഭാവത്തിൽ മുഖച്ഛായ ഇല്ലാതാകുമ്പോഴും മുഖം ഉള്ളതുപോലെ, ഉപാധിയായ ബുദ്ധി ഇല്ലാതായാലും പ്രതിച്ഛായ ഇല്ലാതെ പ്രശോഭിക്കുന്ന പരമാത്മാവാണ് ഞാൻ.

7 സ്വയം അന്തഃകരണത്തിൽനിന്നും അകന്നുനിൽക്കുന്നവനും, ഇന്ദ്രിയങ്ങൾക്കും മനസ്സിനും അഗോചരനുമായ ഞാൻ നിത്യബോധസ്വരൂപനായ ആ ആത്മാവാണ്.

8 സൂര്യൻ ആകാശത്തിൽ തെളിഞ്ഞ് പ്രകാശിക്കുമ്പോൾ തന്നെ കുളത്തിലെ ജലത്തിലും കാണപ്പെടുന്നതുപോലെ നിരുപാധികനായി പരിശുദ്ധനായി സ്വയം പ്രകാശനായി നിന്നു കൊണ്ടുതന്നെ ബുദ്ധ്യുപാധിയിൽ പ്രതിഫലിക്കുന്ന നിത്യബോധസ്വരൂപനായ ആത്മാവാണ് ഞാൻ.

9 അനേകം കണ്ണുകളെ തെളിക്കുന്ന സൂര്യൻ അവയെ സ്വയം പ്രഭമാക്കാതെ ശോഭിക്കുന്നതുപോലെ അനേകം ബുദ്ധ്യുപാധികളിൽ പ്രകാശിക്കുന്നയാതൊരു പരമാത്മാവ് ഉപാധി വേർപെട്ടാലും ഏകനായി പ്രശോഭിക്കുന്നുവോ ആ നിത്യബോധസ്വരൂപനാണ് ഞാൻ.

10 സൂര്യൻ പ്രകാശിപ്പിക്കുന്ന വസ്തുക്കളെ കണ്ണുകൾ ഗ്രഹിക്കുന്നു. എന്നാൽ സൂര്യൻ ഗ്രഹിക്കുന്നില്ല. അതുപോലെ ഏകനായ പരമാത്മാവ് വിഷയങ്ങളെ സ്വീകരിക്കാൻ ഇന്ദ്രിയങ്ങളെ സമർത്ഥങ്ങളാക്കിത്തീർക്കുന്നു. എന്നാൽ അവയോട് പറ്റുപാടില്ലാതെ ഏകനായി നിൽക്കുന്നു. ആ നിത്യബോധ സ്വരൂപനാണ് ഞാൻ.

11 ആകാശത്തു നിൽക്കുന്ന സൂര്യൻ ഏകനാണെങ്കിലും ചലിക്കുന്ന വെള്ളത്തിൽ അനേകമായി പ്രതിഫലിക്കുന്നു. ചലനം നിൽക്കുമ്പോൾ വീണ്ടും ഏകനായി കാണപ്പെടുകയും ചെയ്യും അതു പോലെ വിവിധാന്തഃകരണങ്ങളിൽ ഏകനും നിർവ്വികാരനുമായ പരമാത്മാവ് അനേകമായി കാണപ്പെടുന്നു . ആ നിത്യബോധ സ്വരൂപനായ പരമാത്മാവാണ് ഞാൻ

12 മേഘത്താൽ സുര്യൻ മറയ്ക്കപ്പെടുമ്പോഴും മൂടൽമഞ്ഞിൽ കൂടി സൂര്യനെ നോക്കുമ്പോഴും മുഢന്മാർ, സൂര്യൻ പ്രകാശിക്കുന്നില്ലെന്ന് പറയുന്നു. അതുപോലെ എപ്പോഴും പ്രകാശിച്ചുകൊണ്ടിരിക്കുന്ന പരമാത്മാവിനെ ബദ്ധനാണെന്ന് അജ്ഞാനി കരുതുന്നു. ആ പരമാത്മാവാണ് നിത്യബോധസ്വരൂപനായ ഞാൻ.

13 ആകാശം പോലെ, യാതൊന്ന് ശുദ്ധവും, നിർമ്മലവും ഏകവും എല്ലാറ്റിലും വ്യാപിച്ചതും ആയിരിക്കെത്തന്നെ പ്രപഞ്ചത്തിലെ ഒന്നിനോടുംബന്ധമില്ലാതെ സ്ഥിതിചെയ്യുന്നുവോ ആനിത്യബോധസ്വരൂപനായ പരമാത്മാവാണ് ഞാൻ.

14 ശുദ്ധ സ്ഫടികത്തിൽ ഉപാധികളുടെ ഗുണഭേദം കാണപ്പെടുന്നതുപോലെ ആണ് ചിദാഭാസന്, താൻ പ്രതിബിംബിക്കുന്ന ബുദ്ധ്യ പാദി യുടെ ഗുണഭേദം തോന്നുന്നത്. ഇളകുന്ന ജലത്തിൽ പ്രതിബിംബിക്കുന്ന ചന്ദ്രക്കല ചലിക്കുന്നതായി തോന്നുന്നതു പോലെ സർവ്വവ്യാപിയായ പരമാത്മാവിനും ഉപാധിഭേദംകൊണ്ട് ചഞ്ചലത്വം തോന്നുന്നു.

## ഹരി കീർത്തനം

1 ധ്യാനവേളയിൽ അഗ്നിജ്വാല പോലെ ശോഭിക്കുന്ന ഹൃദയാകാശത്തിൽ പ്രകാശിക്കുന്ന ചിത് സ്വരൂപത്തിൽ എന്റെ ചിത്തം ലയിക്കുമാറാകണമേ.

2 സഹസ്രാരപത്മത്തിൽനിന്നും കീഴ്പോട്ടൊഴുകുന്ന അമൃതരസത്താൽ നനയ്ക്കപ്പെട്ടും സുഷുമ്നാദ്വാരത്തിൽ വീണാനാദതുല്യമായ നാദത്തോടു കൂടിയും, പ്രണവമാകുന്ന ബാണത്തിന് ലക്ഷ്യമായും ഇരിക്കുന്ന പരമേശ്വരൻ ജയിക്കട്ടെ.

3 നിർവ്വികല്പ സമാധിയിൽനിന്നും വിട്ടുപോകാതെ ഏകാഗ്രബുദ്ധിയോടുകൂടി ജീവാത്മാവിനെ ചിത്സ്വരൂപത്തിൽ വിലയിപ്പിച്ച് ഈശ്വരനിൽത്തന്നെ മനസ്സിനെ ഉറപ്പിച്ചു നിറുത്താൻ ഭഗവാനെ അവിടുന്ന് അനുഗഹിച്ചാലും.

4 ഭഗവാനെ എന്റെ ബുദ്ധി. സ്ത്രീകളുടെ ഗർഭാശയത്തിൽപ്പെട്ട് പുനർജന്മമുണ്ടായി ദുഃഖിക്കാൻ ഇടയാകാതെ, ലോകരക്ഷയ്ക്കായി മത്സ്യാവതാരം പൂണ്ട അവിടുന്ന് എന്നെ അനുഗ്രഹിക്കണമേ .

5 കഴുത്തിൽ ധരിച്ചിരിക്കുന്ന രത്നത്തെ വിസ്മരിച്ച് ആ രത്നം എവിടെയെന്ന് അന്വേഷിച്ചു നടക്കുന്നവനെപ്പോലെ, മുമ്പേതന്നെ തന്നിൽ സ്ഥിതി ചെയ്യുന്ന നിത്യാനന്ദസ്വരൂപനെ മറന്നിട്ടാണ് മനുഷ്യർ വമ്പിച്ച സുഖസൗകര്യങ്ങൾ ആഗ്രഹിക്കുന്നത്. ഇങ്ങനെ അലയുന്ന ഇവന്റെ മനസ്സ്, ലൗകിക വിഷയങ്ങളിൽ നിന്നും പിന്തിരിഞ്ഞ് അങ്ങയിൽ ഉറപ്പിക്കുമാറാകണമേ .

6 എന്നിൽ ഭഗവാന് കൂറില്ലെന്ന് ലോകർ പറയാനിടവരാത്തവിധം പരമഭക്തനായ ഇവനിൽ അങ്ങയുടെ കൃപാരസം ഊറേണ്ട കാലമാണിത്.

7 ധ്യാനാവസരത്തിൽ ലലാടാന്തച്ഛിദ്രത്തിൽ (ആജ്ഞാച്രകത്തിൽ) ദൃഷ്ടിപതിച്ച് മാനസം അർപ്പിച്ച്, മനസ്സിനെ ചലിപ്പിക്കുന്ന പ്രാണനെ നിയ്രന്തിച്ച് , വിശപ്പ്, ദാഹം, തുടങ്ങിയ പ്രാണ വ്യാപാരങ്ങളെ തടഞ്ഞ് ഉദാസീനനാകുന്നതിന് അവിടുന്ന് എന്നെ അനുഗ്രഹിക്കേണമേ.

8 മോക്ഷം നേടുന്നതിന് പ്രയോജനപ്പെടുത്താവുന്ന മനുഷ്യശരീരം ലഭിച്ചിട്ടും മനുഷ്യക്കഴുതകൾ ആ മഹാനുഗ്രഹത്തെ പ്രയോജനപ്പെടുത്തുന്നില്ല. ഈശ്വരനെ ആശ്രയിക്കുന്ന ഈ ഞാൻ ചിത്സ്വരൂപ നാണെന്നുതന്നെ കരുതുന്നു.

9 രത്നകിരീടവും, ചന്ദനക്കുറിയും, കൗസ്തുഭ രത്നവും വനമാലയും ധരിച്ച് വിളങ്ങുന്ന ലോകേശനെ സ്തുതി ക്കാൻ അവിടുന്ന് അനുഗ്രഹിക്കേണമേ.

10 ആമ്പൽപ്പുവിൻറെ വെണ്മയെ അതിശയിക്കുന്ന അങ്ങ യുടെ പൂംപുഞ്ചിരിക്കുപരി, മറ്റൊന്നും ലഭിക്കാനില്ലെന്നു കരുതുന്ന എന്നെ അവിടുന്ന് രക്ഷിക്കണമേ.

11 കഴുത്തിൽ പറ്റിപ്പിടിച്ചുകിടക്കുന്ന ജനങ്ങളുടെ ഭയമാകുന്ന മദയാനയെ നിഗ്രഹിക്കുന്ന സിംഹമായ് ഭവിച്ച് അവിടുന്ന് എൻറെ ദുഃഖത്തെനശിപ്പിച്ച് എന്നെ വിഷ്ണുപദത്തിൽ എത്തിക്കുമാറാകണമേ.

നാന്മുഖന്റെ ഉല്പത്തിസ്ഥാനമായ ലോകതാമരയുടെ അന്തർഭാഗം പോലെ ശുദ്ധമായും,പൂർണ്ണമായും, ഏകമായും, പരമായും നിന്ന് ആനന്ദം പരത്തിക്കൊണ്ട് ഹൃദയകമലംവരെ ദ്വൈതമായും, അതിനു മേൽ ഒന്നുചേർന്ന് അദ്വൈതമായും, വേദവാക്യാർത്ഥ ങ്ങളിൽപോലും ലഭ്യമല്ലാതെ സച്ചിദാനന്ദസ്വരൂപനായി എൻറെ ഹൃദയാഭരണമായി പ്രശോഭിക്കുന്ന ഭഗവാൻ മുരാരി എനിക്ക് നന്മ അരുളേണമേ.
ഓംകാരമാകുന്ന കണ്ണാടിയിൽ പ്രതിഫലിക്കുന്നതോ ടൊപ്പം പ്രണവോപാസകന്മാർക്ക് വിമലമായ സാഹിത്യത്തെ നൽകുന്ന വനാണ് അങ്ങ് എന്ന് ഞാൻ ധരിക്കുന്നു. രോഗമില്ലായ്മ മാത്രം ആഗ്രഹിക്കുന്ന എനിക്ക് വൃഷ്ണിവംശശ്രേഷ്ഠനായ അങ്ങ് ഇപ്പോൾ അത് നൽകേണമേ. എനിക്ക് അങ്ങ് അല്ലാതെ മറ്റാശ്രയം ഒന്നുമില്ല.

ഭഗവാനേ, പരമശിവനുപോലും പ്രാപിക്കാൻ പ്രയാസമായ അവിടുത്തെ ചിത്സ്വരൂപഭാവത്തിൽ എന്നെ ചേർക്കേണമേ. ആദികാലത്തെ അദ്വൈതാനന്ദപരമരസം ഭവാനോടുകൂടി അനുഭവിച്ച് കഴിയുവാൻ (മോക്ഷം നേടുവാൻ) ഞാനിതാ അങ്ങയുടെ പാദത്തിൽ വീണു നമസ്കരിക്കുന്നു

# രാമ ഹൃദയം

പരമശിവൻ പാർവ്വതിക്ക് രാമായണകഥ ഉപദേശിക്കുന്നു.
1 ശിവൻ പാർവ്വതിയോട് പറയുന്നു. പിന്നീട് രാമന്റെ അടുത്തുവന്ന ഹനുമാനോട് 'ജീവൻ, ജഡം, ചിത്ത് ഇവയുടെ തത്ത്വം നിനക്ക് ഞാൻ ഉപദേശിച്ചുതരാം' എന്ന് രാമൻ പറഞ്ഞു.

2 ആകാശ ഭേദം മൂന്നു വിധത്തിൽ അറിയപ്പെടുന്നു ഒന്ന് മഹാനഭസ്സ്, രണ്ട് ജലാശയത്തിൽ നിഴലിക്കുന്ന നഭസ്സ്, മൂന്ന് ജലാശയംകൊണ്ട് വേർതിരിക്കപ്പെടുന്ന ആകാശം.

3 ചിത്തും ഇതുപോലെ മൂന്നുവിധമുണ്ട് ഒന്ന് സമഷ്ടിബുദ്ധിയോട് ചേരുന്ന മഹേശ്വരൻ. രണ്ട് വ്യഷ്ടിബുദ്ധിയിൽ പ്രതിഫലിക്കുന്ന ചിത്ത്. മൂന്ന് സത്തായ പരമാത്മാവ്.

4 പരമാത്മാവിൻറെ നിഴൽ പ്രതിഫലിക്കുന്ന ബുദ്ധിയുടെ കർത്തൃത്വം നിരവ്വികാരനും ഭേദഹീനനും ആയ സാക്ഷിയിൽ അജ്ഞരായിട്ടുള്ളവർ ഭ്രമത്താൽ ആരോപിക്കുന്നു.

5 ചിദാഭാസൻ (ചിച്ഛായ) മിഥ്യാബുദ്ധിയാണ്,അവിദ്യാഭേദവും ആണ്. ബ്രഹ്മത്തിനു യാതൊരു ഭേദവും ഉണ്ടാകുന്നതല്ല. ഉപാധി നിമിത്തമാണ് ഭേദം ഉണ്ടെന്നു തോന്നുന്നത്.

6 അവിദ്യാബന്ധം നീങ്ങിയാൽ ചിദാഭാസനായ ജീവൻ അഖണ്ഡ ബ്രഹ്മത്തോട് ഐക്യം ഭവിക്കുന്നുവെന്ന് തത് + ത്വം+ അസി മുതലായ മഹാവാക്യങ്ങളാൽ വെളിപ്പെടുന്നുണ്ട്.

7 വേദത്തിലുള്ള മഹാ വാക്യങ്ങളുടെ ശ്രവണമനനാദിയാൽ ജീവപരന്മാരുടെ ഐക്യബോധം എപ്പോൾ ഉണ്ടാകുന്നുവോ അപ്പോൾ അവിദ്യാകാര്യമായ പ്രപഞ്ചവും അവിദ്യയും ഒന്നിച്ചുതന്നെ നശിക്കുന്നു. ഇതിൽ സംശയമില്ല

8 ഈ തത്വമറിയുന്ന എന്റെ ഭക്തൻ സച്ചിദാനന്ദ സ്വരൂപനായി സ്ഥിതി ചെയ്യും. ഭക്തിഹീനന്മാരാകട്ടെ, മറ്റു ശാസ്ത്രവാദങ്ങളാകുന്ന കുണ്ടുകളിൽ പതിക്കുന്നതിനാൽ അവർക്ക് ബോധം നഷ്ടപ്പെടുന്നു; നൂറു ജന്മം കൊണ്ടു പോലും മുക്തി സിദ്ധിക്കയുമില്ല

9 'രാമ ഹൃദയം' എന്ന ഈ തത്വം ഞാൻ നിനക്കായി പറഞ്ഞുതന്നിരിക്കുന്നു. ഭകതിയില്ലാത്തവനും, ദുർബുദ്ധിയായവനും, ഈ രഹസ്യം പറഞ്ഞു കൊടുക്കരുത്. ഇന്ദ്രപദത്തേക്കാളും, ചക്രവർത്തിപദത്തേക്കാളും എല്ലാം ശ്രേഷ്ഠമാണ് ഈ ജ്ഞാനം

# ആത്മ പഞ്ചകം

1 ഞാൻ ദേഹമല്ല, ഇന്ദ്രിയങ്ങളല്ല, മനസ്സല്ല, പ്രാണനല്ല, ബുദ്ധിയല്ല, അഹംകാരമല്ല, ഭാര്യ, പുത്രൻ, ഭൂമി, ധനം തുടങ്ങിയവയും അല്ല. മനഃസാക്ഷി സ്വരൂപനും നിത്യനുമായ ശിവനാകുന്നു ഞാൻ.

2 പ്രകാശമില്ലാത്തപ്പോൾ വള്ളിയെ സർപ്പമെന്നു ധരിക്കുന്നതു പോലെയാണ് പരമാത്മാവിനെ ജീവനെന്നു അജ്ഞാനംകൊണ്ട് ധരിച്ചു പോകുന്നത്. സിദ്ധവാക്കുകൊണ്ട് പാമ്പെന്ന തോന്നൽ മാറി വള്ളിയെന്ന ബോധം ഉണ്ടാകുന്നതു പോലെ ഗുരു ഉപദേശംകൊണ്ട് ജ്ഞാനം സിദ്ധിക്കുമ്പോൾ ഞാൻ ജീവനല്ല ശിവനാണെന്ന സത്യബോധമുണ്ടാകുന്നു.

3 സത്യ ജ്ഞാനാനന്ദ സ്വരൂപമായ പരമാത്മാവിൽ മിഥ്യയായ ജഗത്തിനെ കാണുന്നതു ഭ്രമം മൂലമാണ്. ഉറക്കത്തിൽ കാണുന്ന സ്വപ്നം പോലെ ഇതു അസത്യം ആണ്. നിത്യനും, ശുദ്ധനും, പൂർണ്ണനുമായ ശിവനാകുന്നു ഞാൻ എന്നതാണു സത്യം.

4 എന്നിൽ നിന്നു വേറിട്ട ജഗത്ത് അല്പംപോലും ഇല്ല . ബാഹ്യപ്രപഞ്ചം അവിദ്യാകൽപിതമാണ്. കണ്ണാടിയിൽ കാണപ്പെടുന്ന ഛായ പോലെ അദ്വയനായ പരമാത്മാവിൽ തോന്നുന്നതാണ് ഈ ജഗത്ത്. അതിനാൽ ഞാൻ നിത്യനായ ശിവനാണ്.

5 ജനനം, വളർച്ച, നാശം എന്നിവയില്ലാത്തവനാണു ഞാൻ. ദേഹധർമ്മങ്ങളെല്ലാം മായകൊണ്ടുണ്ടാകുന്നതാണ്. ചിത്സ്വരൂപനായ എനിക്ക് കർതൃത്വാ ഭോക്തൃത്വാദികളില്ല മഹദഹങ്കാരത്തിന്റെ കാരണമായ ഞാൻ ശിവശബ്ദംകൊണ്ട് ലക്ഷ്യമാക്കപ്പെടുന്ന പരാൽപരനാണ്

6 ജനിക്കാത്ത എനിക്ക് മരണമില്ല ജനനവും ഇല്ല. ഞാൻ പ്രാണനല്ല , അതുകൊണ്ട് എനിക്കു വിശപ്പും ദാഹവും ഇല്ല. ഞാൻ ചിത്തമല്ല, അതുകൊണ്ട് ശോകവും മോഹവും ഇല്ല. ഞാൻ കർത്താവല്ല; പിന്നെങ്ങനെ എനിക്കു ബന്ധമുക്തികൾ ഉണ്ടാകും?

ശുഭം.

# രാമഗീത  അദ്ധ്യാത്മ രാമായണം മൂലം

ശ്രീമഹാദേവ ഉവാച

1. തതോ ജഗന്മംഗളമംഗളാത്മാ
വിധായ രാമായണകീർത്തിമുത്തമാം
ചചാര പൂർവാചരിതം രഘുത്തമോ
രാജർഷിവര്യൈരഭിസേവിതം യഥാ

2. സൗമിത്രിണാ പൃഷ്ട ഉദാരബുദ്ധിനാ
രാമാഃ കഥാഃ പ്രാഹ പുരാതനീഃ ശുഭാഃ
രജ്ഞഃ പ്രമത്തസ്യ നൃഗസ്യ ശാപതോ
ദ്വിജസ്യ തിര്യക് ത്വമഥാഹ രാഘവഃ

3. കദാചിദേകാന്ത ഉപസ്ഥിതം പ്രഭും
രാമം രമാലാളിതപാദപങ്കജം
സൗമിത്രിരാസാദിതശുദ്ധഭാവനഃ
പ്രണമ്യ ഭക്ത്യാ വിനയാന്വിതോƒബ്രവീത്

4. ത്വം ശുദ്ധബോധോƒസി ഹി സർവദേഹിനാ
മാത്മാസ്യധിശോ സി നിരാകൃതിഃ സ്വയം
പ്രതീയസേ ജ്ഞാനദൃശാം മഹാമതേ
പദാബ് ജഭ്യംഗാഹിതസംഗസംഗിനാം

5. അഹം പ്രപന്നോƒസ്മി പദാംബുജം
പ്രഭോ  ഭവാപവർഗം തവ യോഗിഭാവിതം
യഥാഞ്ജസാജ്ഞാനമപാരവാരിധിം
സുഖം തരിഷ്യാമി തഥാനുശാധി മാം

6 .ശ്രുത്വാƒഥ സൗമിത്രിവചോ ഖിലം തദാ
പ്രാഹ പ്രപന്നാർത്തിഹരഃ പ്രസന്നധീഃ
വിജ്ഞാനമജ്ഞാനതമഃ പ്രശാന്തയേ
ശ്രുതിപ്രപന്നം ക്ഷിതിപാലഭൂഷണഃ

7. ആദൗ സ്വവർണ്ണാശ്രമവർണ്ണിതാഃ ക്രിയാഃ
കൃത്വാ സമാസാദിതശുദ്ധമാനസഃ
സമപ്യ തത്പൂർവമുപാത്തസാധനഃ
സമാശ്രയേത് സദ്ഗുരുമാത്മലബ്ധയേ

8. ക്രിയാ ശരീരോദ്ഭവഹേതുരാദൃതാഃ
പ്രിയാപ്രിയൗ തൗ ഭവത സുരാഗിണഃ
ധർമ്മേതരൗ തത്ര പുനഃശരീരകം
പുനഃക്രിയാ ചക്രവദീര്യതേ ഭവഃ

9. അജ്ഞാനമേവാസ്യ ഹി മൂലകാരണം
തദ്ധാനമേവാത്ര വിധൗ വൈധീയതേ
വിദ്യൈവ തന്നാശവിധൗ പടീയസീ
ന കർമ്മ തജ്ജം സവിരോധമീരിതം

10. നാജ്ഞാനഹാനിർന ച രാഗസംക്ഷയോ
ഭവേത്തതഃ കർമ്മ സദോഷമുദ്ഭവേത്
തതഃ പുനഃസംസൃതിരപ്യവാരിതാ
തസ് മാദ് ബുധോ ജ്ഞാനവിചാരവാൻ ഭവേത്

11. നനു ക്രിയാ വേദമുഖേന ചോദിതാ
തഥൈവ വിദ്യാ പുരുഷാർത്ഥസാധനം
കർത്തവ്യതാ പ്രാണഭൃതഃ പ്രചോദിതാ
വിദ്യാസഹായത്വമുപൈതി സാ പുനഃ

12. കർമ്മാകൃതൗ ദോഷമപി ശ്രുതിർജഗൗ
തസ്മാത് സദാ കാര്യമിദം മുമുക്ഷുണാ
നനു സ്വതന്ത്രാ ധ്രുവകാര്യകാരിണീ
വിദ്യാ ന കിഞ്ചിന്മനസാപ്യപേക്ഷതേ

13. ന സത്യകാര്യോƒപിഹി യദ്വദധ്വരഃ
പ്രകാംക്ഷതേ ന്യാനപി കാരകാദികാൻ
തഥൈവാ വിദ്യാ വിധിതഃ പ്രകാശിതൈർ-
വിശിഷ്യതേ കർമ്മഭിരേവ മുക്തയേ

14. കേചിദ്വദന്തീതി വിതർക്കവാദിന-
സ്തദപ്യസദ്ദൃഷ്ടവിരോധകാരണാത്
ദേഹാഭിമാനാദഭിവർദ്ധതേ ക്രിയ
വിദ്യാ ഗതാഹങ്കൃതിതഃ പ്രസിദ്ധ്യതി

15. വിശുദ്ധവിജ്ഞാനവിരോചനാഞ്ചിതാ
വിദ്യാത്മവൃത്തിശ്ചരമേതി ഭണ്യതേ
ഉദേതി കർമ്മാഖിലകാരകാദിഭിർ-
നിഹന്തി വിദ്യാഖിലകാരകാദികം

16. തസ് മാത് ത്യജേത് കാര്യമശേഷതഃ സുധീർ-
വിദ്യാവിരോധാന്ന സമുച്ചയോ ഭവേത്
ആത്മാനുസന്ധാനപാരായണഃ സദാ-
നിവൃത്തസർവേന്ദ്രിയവൃത്തിഗോചരഃ

17. യാവച്ഛരീരാദിഷു മായയാത്മധീ-
സ്താവദ്വിധേയോ വിധിവാദകർമ്മാണാം
നേതീതി വാകൈ്യരഖിലം നിഷിധ്യ തദ്
ജ്ഞാത്വാ പരാത്മാന മഥ ത്യജേത് ക്രിയാഃ

18. യദാ പരാത്മാത്മവിഭേദ ഭേദകം
വിജ്ഞാനമാത്മന്യവഭാതി ഭാസ്വരം
തദൈവ മായാ പ്രവിലീയതേƒഞ്ജസാ
സകാരകാ കാരണമാത്മസംസൃതേഃ

19. ശ്രുതിപ്രമാണാഭിവിനാശിതാ ച സാ
കഥം ഭവിഷ്യത്യപി കാര്യകാരിണീ
വിജ്ഞാനമാത്രാദമലാദ്വിതീയത-
സ്തസ്മാദവിദ്യാ ന പുനർഭവിഷ്യതി

20. യദി സ്മ നഷ്ടാ ന പുനഃ പ്രസൂയതേ
കർത്താഹമസ്യേതി മതിഃ കഥം ഭവേത്
തസ് മാത് സ്വതന്ത്രാ ന കിമപ്യപേക്ഷതേ
വിദ്യാ വിമോക്ഷായ വിഭാതി കേവലാ

21. സാ തൈത്തിരീയശ്രുതിരാഹ സാദരം
ന്യാസം പ്രശസ്താഖിലകർമ്മണാം സ്ഫുടം
ഏതാവദിത്യാഹ ച വാജിനാം ശ്രുതിർ-
ജ്ഞാനം വിമോക്ഷായ ന കർമ്മ സാധനം

22.വിദ്യാസമത്വേന തു ദർശിതസ്ത്വയാ
ക്രതുർന ദൃഷ്ടാന്ത ഉദാഹൃതഃ സമഃ
ഫലൈഃ പൃഥക്ത്വാദ് ബഹുകാരകൈഃ ക്രതുഃ
സംസാധ്യതേ ജ്ഞാനമതോ വിപര്യയം

23. സപ്രത്യവായോ ഹ്യഹമിത്യനാത്മധീ-
രജ്ഞപ്രസിദ്ധാ ന തു തത്വദർശിനഃ
തസ്മാദ് ബുധൈസ്ത്യാജ്യമവിക്രിയാത്മഭിർ-
വിധാനതഃ കർമ്മ വിധിപ്രകാശിതം

24. ശ്രദ്ധാന്വിതസ്തത്വമസീതി വാക്യതോ
ഗുരോഃ പ്രസാദാദപി ശുദ്ധമാനസഃ
വിജ്ഞായ ചൈകാത്മ്യമഥാത്മജീവയോഃ
സുഖീ ഭവേന്മേരുരിവാപ്രകമ്പനഃ

25. ആദൗ പദാർത്ഥാവഗതിർഹി കാരണം
വാക്യാർത്ഥവിജ്ഞാനവിധൗ വിധാനതഃ
തത്ത്വം പദാർത്ഥൗ പരമാത്മജീവകാ-
വസീതി ചൈകാത്മ്യമഥാനയോർഭവേത്

26. പ്രത്യക് പരോക്ഷാദിവിരോധമാത്മനോർ-
വിഹായ സംഗൃഹ്യ തയോശ്ചിദാത്മതാം
സംശോധിതാം ലക്ഷണയാ ച ലക്ഷിതാം
ജ്ഞാത്വാ സ്വമാത്മാനമഥാദ്വയോ ഭവേത്

27. ഏകാത്മകത്വാജ്ജഹതീ ന സംഭവേ-
ത്തഥാജഹല്ലക്ഷണതാ വിരോധതഃ
സോഽയം പദാർത്ഥാവിവ ഭാഗലക്ഷണാ
യുജ്യേത തത്ത്വം പദയോരദോഷതഃ

28. രസാദിപഞ്ചീകൃതഭൂതസംഭവം
ഭോഗാലയം ദുഃഖസുഖാദികർമ്മണാം
ശരീരമാദ്യന്തവദാദികർമ്മജം
മായാമയം സ്ഥൂലമുപാധിമാത്മനഃ

29. സൂക്ഷ്മം മനോബുദ്ധിദശേന്ദ്രിയൈർയുതം
പ്രാണൈരപഞ്ചീകൃതഭൂതസംഭവം
ഭോക്തുഃ സുഖാദേരനുസാധനം ഭവേ-
ച്ഛരീരമന്യദ്വിദുരാത്മനോ ബുധഃ

30. അനാദ്യനിർവാച്യമപീഹ കാരണം
മായാപ്രധാനം തു പരം ശരീരകം
ഉപാധിഭേദാത്തു യതഃ പൃഥക് സ്ഥിതം
സ്വാത്മാനമാത്മന്യവധാരയേത് ക്രമാത്

31. കോശേഷ്വയം തേഷു തു തത്തദാകൃതിർ-
വിഭാതി സംഗാത് സ്ഫടികോപലോ യഥാ
അസംഗരൂപോഽയമജോ യതോഽദ്വയോ
വിജ്ഞായതേഽസ്മിൻ പരിതോ വിചാരിതേ

32. ബുദ്ധേസ്ത്രിധാ വൃത്തിരപീഹ ദൃശ്യതേ
സ്വപ്നാദിഭേദേന ഗുണത്രയാത്മനഃ
അന്യോന്യതോƒസ്മിൻ വ്യഭിചാരതോ മൃഷാ
നിത്യേ പരേ ബ്രഹ്മണി കേവലേ ശിവേ

33. ദേഹേന്ദ്രിയപ്രാണമനശ്ചിദാത്മനാം
സംഘാദജസ്രം പരിവർത്തതേ ധിയഃ
വൃത്തിസ് തമോമുലതയാജ്ഞലക്ഷണാ
യാവദ് ഭവേത്താവദസൗ ഭവോദ്ഭവഃ

34. നേതിപ്രമാണേന നിരാകൃതാഖിലോ
ഹൃദാ സമാസ്വാദിതചിദ്ഘനാമൃതഃ
ത്യജേദശേഷം ജഗദാത്തസദ്രസം
പീത്വാ യഥാഭഃ പ്രജഹാതി തത്ഫലം

35. കദാചിദാത്മാ ന മൃതോ ന ജായതേ
ന ക്ഷീയതേ നാപി വിവർദ്ധതേƒനവഃ
നിരസ്തസർവാദിശയ സുഖാത്മകഃ
സ്വയംപ്രഭ സർവഗതോƒയമദ്വയഃ

36. ഏവംവിധേ ജ്ഞാനമയേ സുഖാത്മകേ
കഥം ഭാവോ ദുഃഖമയഃ പ്രതീയതേ
അജ്ഞാനതോƒധ്യാസവശാത് പ്രകാശതേ
ജ്ഞാനേ വിലീയേത വിരോധതഃ ക്ഷണാത്

37. യദന്യദന്യത്ര വിഭാവ്യതേ ഭ്രമാ-
ദധ്യാസമിത്യാഹുരമും വിപശ്ചിതഃ
അസർപഭൂതേƒഹിവിഭാവനം യഥാ
രജ്ജ്വാദികേ തദ്വദപീശ്വരേ ജഗത്

38. വികല്പമായാരഹിതേ ചിദാത്മകേ
ഹങ്കാരƒഏഷ പ്രഥമഃ പ്രകല്പിതഃ
അധ്യാസ ഏവാത്മനി സർവകാരണേ
നിരാമയേ ബ്രഹ്മണി കേവലേ പരേ

39. ഇച്ഛാദിരാഗാദിസുഖാദിധർമ്മികാഃ
സദാ ധിയഃ സംസൃതിഹേതവഃ പരേ
യസ് മാത് പ്രസുപ്തൗ തദഭാവതഃ പരഃ
സുഖസ്വരൂപേണ വിഭാവൃതേ ഹി നഃ

40. അനാദ്യവിദ്യോദ്ഭവബുദ്ധിബിംബിതോ
ജീവഃ പ്രകാശോ/യമിതീര്യതേ ചിതഃ
ആത്മാ ധിയഃ സാക്ഷിതയാ പൃഥക് സ്ഥിതോ
ബുദ്ധ്യാപരിച്ഛിന്നപരഃ സ ഏവ ഹി

41. ചിദ്ബിംബസാക്ഷ്യാത്മധിയാം പ്രസംഗത-
സ്ത്വേകത്ര വാസാദനലാക്തലോഹവത്
അന്യോന്യമധ്യാസവശാത് പ്രതീയതേ
ജഡാജഡത്വം ച ചിദാത്മചേതസോഃ

42. ഗുരോഃ സകാശാദപി വേദവാക്യതഃ
സഞ്ജാതവിദ്യാനുഭവോ നിരീക്ഷ്യ തം
സ്വാത്മാനമാത്മസ്ഥമുപാധിവർജിതം
ത്യജേദശേഷം ജഡമാത്മഗോചരം

43. പ്രകാശരൂപോ/ഹമജോഹമദ്വയോ-
/സകൃദ്വിഭാതോ/ഹമതീവ നിർമ്മലഃ
വിശുദ്ധവിജ്ഞാനഘനോ നിരാമയഃ
സമ്പൂർണ ആനന്ദമയോ/ഹമക്രിയഃ

44. സദൈവ മുക്തോ/ഹമചിന്ത്യശക്തിമാ-
നതീന്ദ്രിയജ്ഞാനമവിക്രിയാത്മകഃ
അനന്തപാരോ/ഹമഹർനിശം ബുധൈർ-
വിഭാവിതോ/ഹം ഹൃദി വേദവാദിഭിഃ

45. ഏവം സദാത്മാനമഖണ്ഡിതാത്മനാ
വിചാരമാണസ്യ വിശുദ്ധഭാവനാ
ഹന്യാദവിദ്യാമചിരേണ കാരകൈ
രസായനം യദ്വദുപാസിതം രുജഃ

46. വിവിക്ത ആസീന ഉപാരതേന്ദ്രിയോ
വിനിർജിതാത്മാ വിമലാന്തരാശയഃ
വിഭാവയേദേകമനന്യസാധനോ
വിജ്ഞാനദൃക്കേവല ആത്മസംസ്ഥിതഃ

47. വിശ്വം യദേതത് പരമാത്മദർശനം
വിലാപയേദാത്മനി സർവകാരണേ
പൂർണശ്ചിദാനന്ദമയോ/വതിഷ്ഠതേ
ന വേദ ബാഹ്യം ന ച കിഞ്ചിദാന്തരം

48. പൂർവം സമധേരഖിലം വിചിന്തയേ-
ദോങ്കാരമാത്രം സചരാചരം ജഗത്
തദേവ വാച്യം പ്രണവോ ഹി വാചകോ
വിഭവ്യതേഽജ്ഞാനവശാന്ന ബോധതഃ

49.  അകാരസംജ്ഞഃ പുരുഷോ  ഹി വിശ്വകോ
ഹ്യുകാരകസ്തൈജസ ഈര്യതേ ക്രമാത്
പ്രജ്ഞോ മകാരഃ പരിപാഠ്യതേഽഖിലൈഃ
സമാധിപൂർവം ന തു തത്വതോ ഭവേത്

50.  വിശ്വം ത്വകാരം പുരുഷം വിലാപയേ-
ദുകാരമധ്യേ ബഹുധാ  വ്യവസ്ഥിതം
തതോ മകരേ പ്രവിലാപ്യ തൈജസം
ദ്വിതീയ വർണ്ണം പ്രണവസ്യ ചാന്തിമേ

51.  മകാരമപ്യാത്മനി ചിദ്ഘനേ പരേ
വിലാപയേത് പ്രാജ്ഞമപീഹ കാരണം
സോഽഹം പരം ബ്രഹ്മ സദാ വിമുക്തിമ-
ദ്വിജ്ഞാനദൃങ്മുക്ത ഉപാധിതോ മലഃ

52. ഏവം സദാ ജാതപരാത്മഭാവനഃ
സ്വാനന്ദതുഷ്ടഃ പരിവിസ്മൃതാഖിലഃ
ആസ്തേ സ  നിത്യാത്മാസുഖപ്രകാശകഃ
സാക്ഷാദ്വിമുക്തോഽചലവാരിസിന്ധുവത്

53.  ഏവം സദാഭ്യസ്തസമാധിയോഗിനോ
നിവൃത്തസർവേന്ദ്രിയഗോചരസ്യ ഹി
വിനിർജിതാശേഷരിപോരഹം സദാ
ദൃശ്യോ ഭവേയം ജിതഷഡ്ഗുണാത്മനഃ

54.  ധ്യാത്വൈവമാത്മാനമഹർനിശം മുനി-
സ്തിഷ്ഠേത് സദാ മുക്തസമസ്തബന്ധനഃ
പ്രാരാബ്ധമശ്നന്നഭിമാനവർജിതോ
മയ്യേവ സാക്ഷാത് പ്രവിലീയതേ തതഃ

55.  ആദൗ ച മധ്യേ ച തഥൈവ ചാന്തതോ
ഭവം വിദിത്വാ ഭയശോകകാരണം
ഹിത്വാ സമസ്തം വിധിവാദചോദിതം
ഭജേത്സ്വമാത്മാനമഥാഖിലാത്മനാം

56. ആത്മന്യഭേദേന വിഭാവയന്നിദം
ഭവത്യഭേദേന മയാത്മനാ തദാ
യഥാ ജലം വാരിനിധൗ യഥാ പയഃ
ക്ഷീരേ വിയദ് വ്യോമ്ന്യനിലേ യഥാനിലഃ

57. ഇത്ഥം യദീക്ഷേത ഹി ലോകസംസ്ഥിതോ
ജഗന്മൃഷൈവേതി വിഭാവയൻ മുനിഃ
നിരാകൃതത്വാത്ച്ഛ്രുƒതിയുക്തിമാനതോ,
രവയഥേന്ദുഭേദോ ദിശി ദിഗ്ഭ്രമാദയഃ

58. യാവന്ന പശ്യേദഖിലം മദാത്മകം
താവന്മദാരാധനതത്പരോ ഭവേത്
ശ്രദ്ധാലുരത്യൂർജിതഭക്തിലക്ഷണോ
യസ്തസ്യ ദൃശ്യോƒഹമഹർനിശം ഹൃദി

59. രഹസ്യമേതത്ച്ഛ്രുƒതിസാരസംഗ്രഹം
മയാ വിനിശ്ചിത്യ തവോദിതം പ്രിയ
യസ്ത്വേതദാലോചയതീഹ ബുദ്ധിമാൻ
സ മുച്യതേ പാതകരാശിഭിഃ ക്ഷണാത്

60. ഭ്രാതർയദീദം പരിദൃശ്യതേ ജഗ-
ന്മായൈവ സർവം പരിഹൃത്യ ചേതസാ
മദ്ഭാവനാഭാവിതശുദ്ധമാനസഃ
സുഖീ ഭവാനന്ദമയോ നിരാമയഃ

61. യഃ സേവതേ മാമഗുണം ഗുണാത്പരം
ഹൃദ കദാ വാ യദി വാ ഗുണാത്മകം
സോƒഹം സ്വപാദാഞ്ചിതരേണുഭിഃ സ്പൃശൻ
പുനാതി ലോകത്രിതയം യഥാ രവിഃ

62. വിജ്ഞാനമേതദഖിലം ശ്രുതിസാരമേകം
വേദാന്തവേദ്യചരണേന മയൈവ ഗീതം
യഃ ശ്രദ്ധയാ പരിപഠേദ് ഗുരുഭക്തിയുക്തോ
മദ്രൂപമേതി യദി മദ്വചനേഷു ഭക്തിഃ

ഇതി ശ്രീമദദ്ധ്യാത്മരാമായണേ
ഉമാമഹേശ്വരസംവാദേ
ഉത്തരകാണ്ഡേ
പഞ്ചമഃ സർഗഃ

# ശ്രീ നീലകണ്ഠ തീർത്ഥപാദർ ലഘുജീവചരിത്രം

ആത്മീയ ആചാര്യൻ, സാമൂഹിക പരിഷ്കർത്താവ്, മഹായോഗി, സംസ്കൃത പണ്ഡിതൻ എന്നീ നിലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച പരമജ്ഞാനി ആയിരുന്നു. ശ്രീ നീലകണ്ഠ തീർത്ഥപാദർ സഞ്ചരിക്കുന്ന ഗ്രന്ഥശാല എന്ന അപരനാമത്താൽ പണ്ഡിത വരേണ്യനായ അദ്ദേഹത്തെ ലോകം അറിയപ്പെട്ടു. അദ്ധ്യാത്മീകവും സാംസ്കാരികവും ആയ അവബോധത്തെ ജനകീയമാക്കിയ ആയതിവര്യൻ സംസ്കൃതം, മലയാളം, തമിഴ് എന്നീ ഭാഷകളിൽ നിരവധി ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. ശ്രീ ചട്ടമ്പി സ്വാമികളുടെ പ്രധാന ശിഷ്യനും ശ്രീ നാരായണ ഗുരുവിന്റെ പ്രിയ മിത്രവും ആയിരുന്നു അദ്ദേഹം. ശ്രീ തീർത്ഥപാദ പരമഹംസ സ്വാമികൾ അദ്ദേഹത്തെ സ്വന്തം ജ്യേഷ്ഠഭാവത്തിൽ സ്നേഹിച്ചും ബഹുമാനിച്ചും പോന്നിരുന്നു.

അദ്ദേഹം മൂവാറ്റുപുഴ താലൂക്കിലെ മാറാടി ഗ്രാമത്തിൽ ശ്രീ മധുരേശ്വരം ക്ഷേത്രത്തിനു സമീപം വാളാനിക്കാട്ട് എന്ന പുരാതന പ്രശസ്ത കുടുംബത്തിൽ 1047 ഇടവം 13ന് (AD 1872 മെയ് 27) തൃക്കേട്ട നക്ഷത്രത്തിൽ ജനിച്ചു. ഈ കുടുംബക്കാർ ആയുധാഭ്യാസത്തിൽ അദ്വിതീയരും ദേശാധിപത്യം ഉള്ള പ്രഭുക്കളും ആയിരുന്നു. മാതാവ് വാളാനിക്കാട്ട് കല്യാണി അമ്മയും പിതാവ് പാമ്പാക്കുടയിൽ കണികുന്നേൽ ശ്രീ നീലകണ്ഠപ്പിള്ളയും ആയിരുന്നു. നീലകണ്ഠപ്പിള്ള ജ്യോതിശാസ്ത്രത്തിലും , വിഷ ചികിത്സയിലും, മർമ്മ ചികിത്സയിലും, മർമ്മ വിദ്യയിലും അദ്വിതീയൻ ആയിരുന്നു. ഈ ദമ്പതികൾക്ക് നാലു പെൺമക്കളും മൂന്നു ആൺമക്കളും ഉണ്ടായിരുന്നു. പിതാവിന്റെ പേരുതന്നെ നൽകിയാണ് പുത്രന് നാമകരണം

ചെയ്തത് എങ്കിലും കൊച്ചുനീലകണ്ഠൻ എന്നായിരുന്നു വിളിപ്പേര്. പ്രാഥമിക വിദ്യാഭ്യാസം മൂവാറ്റുപുഴയിലും ഇംഗ്ലീഷ് വിദ്യാഭ്യാസം തൃപ്പൂണിത്തുറയിലും എറണാകുളത്തും ആയിരുന്നു. പഠനത്തിൽ സമർത്ഥനായിരുന്ന അദ്ദേഹം 14 വയസ്സ് ആയപ്പോഴേക്കും കവിതകൾ രചിക്കാൻ തുടങ്ങിയിരുന്നു. ഇരുപതാം വയസ്സിൽ ഫിഫ്ത് ഫോറത്തിൽ വച്ച് അദ്ദേഹം ഇംഗ്ലീഷ് പഠനം മതിയാക്കി. പിന്നീട് ധ്യാനം, വ്രതം, ഗ്രന്ഥാവലോകനം എന്നിവയിൽ ശ്രദ്ധിക്കുവാൻ തുടങ്ങി അമ്മാവന്മാരിൽ നിന്നും അച്ഛനിൽ നിന്നും ഭാഷാപഠനം, ദേവപ്രശ്ന വിഷയങ്ങൾ, വിഷ ചികിത്സ എന്നിവയും തുടർന്ന് പോന്നു. ആത്മീയ കാര്യങ്ങളിൽ താല്പര്യം ഉണ്ടായിരുന്നത് കൊണ്ട് നാരായൺ അയ്യരിൽ നിന്നും സംസ്കൃത ഭാഷാപഠനവും തുടങ്ങിയിരുന്നു. പിന്നീട് ശ്രീ ജി. ഭട്ട് , കുംഭകോണം കൃഷ്ണ ശാസ്ത്രികൾ, ശംഖോപാദ്ധ്യായ എന്നിവരിൽ നിന്നും ഗുരുകുല സമ്പ്രദായത്തിലും സംസ്കൃതം പഠിച്ചു. കൊച്ചി മഹാരാജാവിന്റെയും ഗോദവർമ്മയുടെയും ഗുരുവും തർക്ക പണ്ഡിതനും ആയിരുന്ന ശംഖോപാചാര്യനിൽ നിന്നും വ്യാകരണം, തർക്കം , ന്യായം മുതലായവ പഠിച്ചു. കുറച്ചു നാൾ നാട്ടിലെ സ്കൂളിൽ അധ്യാപകനായി ജോലി ചെയ്തുവെങ്കിലും സംസ്കൃതം തുടർന്ന് പഠിക്കുന്നതിനു വേണ്ടി ജോലി ഉപേക്ഷിച്ചു. സംസ്കൃതവും മലയാളവും കൂടാതെ ഇംഗ്ലീഷ്, തമിഴ്, തെലുഗു, മറാഠി , കന്നഡ, ബംഗാളി, ഹിന്ദി ഭാഷകളും പഠിച്ചു. ഒരു ക്രിസ്തീയ പുരോഹിതനിൽ നിന്നും ബൈബിളും മുസ്ലിം പണ്ഡിതനിൽ നിന്നും ഖുറാനും സ്വായത്തമാക്കി. തുടർന്ന് മലയാളത്തിലും സംസ്കൃതത്തിലും ഉള്ള ആത്മീയ കൃതികളും ഹൃദിസ്ഥമാക്കുകയും

അവയുമായി ബന്ധപ്പെട്ട ചർച്ചകളിലും നിരൂപണങ്ങളിലും പങ്കെടുക്കുവാനും തുടങ്ങി. സഞ്ചാര പ്രിയനായിരുന്ന അദ്ദേഹം അയോദ്ധ്യ ഉൾപ്പെടെ ഗീതയിലും പുരാണങ്ങളിലും പരാമർശിച്ചിട്ടുള്ള എല്ലാ പുണ്യസ്ഥലങ്ങളും സന്ദർശിച്ചു യാത്ര വിവരണം എഴുതി പ്രസിദ്ധീകരിച്ചു വിതരണം ചെയ്തിരുന്നു. കുടുംബത്തിൽ പാരമ്പര്യമായി നടന്നുവന്നിരുന്ന വിഷചികിത്സയിലും അദ്ദേഹം പ്രത്യേക പ്രാവീണ്യം നേടിയിരുന്നു.

ബാലനായിരിക്കുമ്പോൾ തന്നെ ശ്രീ ചട്ടമ്പി സ്വാമികളെ കുറിച്ച് ധാരാളം കേട്ടറിയാനിടയായി. അദ്ദേഹത്തെ കാണണമെന്നും തന്റെ സംശയങ്ങൾ ദൂരീകരിക്കണമെന്നും ആഗ്രഹിച്ചിരുന്നു. വായനയിലൂടെയും യാത്രകളിലൂടെയും യോഗയിലൂടെയും മനസ്സും ശരീരവും ആത്മീയ ജീവിതത്തിനായി ചിട്ടപ്പെടുത്തിയിരുന്ന അവസരത്തിൽ 1893 ൽ ചട്ടമ്പി സ്വാമികളെ കാണുന്നതിനുള്ള അവസരം ലഭിച്ചു. ചട്ടമ്പി സ്വാമികൾ, മൂവാറ്റുപുഴ മുൻസിഫ് കോടതി ക്ലാർക്കും അദ്ദേഹത്തിന്റെ സുഹൃത്തുമായ തൈലോത്തു നാരായണ പിള്ളയുടെ വസതിയിൽ വിശ്രമിക്കുന്ന അവസരത്തിൽ കൊച്ചു നീലകണ്ഠപിള്ള ഒരു ബന്ധുവിന്റെ കൂടെ ചട്ടമ്പി സ്വാമികളെ സന്ദർശിച്ചു. സംസാര മദ്ധ്യേ കൊച്ചു നീലകണ്ഠൻ സർപ്പവിഷ ചികിത്സയിൽ തനിക്കുള്ള സംശയങ്ങൾ സ്വാമിയുടെ മുൻപിൽ അവതരിപ്പിച്ചു. എന്നാൽ ചട്ടമ്പി സ്വാമികൾ തന്നെ സമീപിച്ചിരിക്കുന്ന ബാലനെ സസൂക്ഷ്മം വീക്ഷിച്ച ശേഷം പറഞ്ഞത് സർപ്പ വിഷം ചികിൽസിച്ചു ഭേദമാക്കുവാൻ എളുപ്പമാണ്, എന്നാൽ സംസാര

വിഷമാണ് ചികിൽസിച്ചു ഭേദമാക്കുവാൻ പ്രയാസം. അതുകൊണ്ടു സംസാര വിഷത്തെ ഉന്മൂലനം ചെയ്യുവാൻ വേണ്ടി പ്രവർത്തിക്കുവാൻ ആവശ്യപ്പെടുകയാണ് ചെയ്തത്. വിഷ വൈദ്യത്തിൽ പല സംശയങ്ങളും അദ്ദേഹം സ്വാമികളോട് ചോദിച്ചു സംശയ നിവർത്തി വരുത്തി എന്ന് മാത്രമല്ല ചട്ടമ്പി സ്വാമികളിൽ കൊച്ചു നീലകണ്ഠ പിള്ളക്കുള്ള ഭക്തി ബഹുമാനങ്ങൾ വർധിക്കുകയും ചെയ്തു. സ്വാമികളുമായുള്ള ഈ കൂടി കാഴ്ച കൊച്ചു നീലകണ്ഠ പിള്ളയുടെ ജീവിതത്തിലെ ഒരു വഴിത്തിരിവായിരുന്നു. അന്ന് മുതൽ വൃതാനുഷ്ഠാനങ്ങളും വിഷ ചികിത്സയോടൊപ്പം നടത്തിപ്പോന്നു. എന്നാൽ വിഷ ചികിത്സ നിർത്തുന്നതിനു പ്രേരിപ്പിച്ച ഒരു സംഭവം ആയിടെ ഉണ്ടായി. സ്വന്തം ജ്യേഷ്ഠനെ അത്യുഗ്ര വിഷമുള്ള ഒരു സർപ്പം ദംശിക്കുകയും അമ്മയുടെ നിർബന്ധത്തിനു വഴങ്ങി ജ്യേഷ്ഠനെ അതിൽ നിന്നും രക്ഷിച്ചുവെങ്കിലും ദംശിച്ച സർപ്പം മരിക്കുകയുണ്ടായി. അതിനെ തുടർന്ന് വിഷ ചികിത്സ മേലിൽ നടത്തുന്നത് അല്ല എന്ന് തീരുമാനിച്ചു. തുടർന്ന് ചട്ടമ്പി സ്വാമികളുടെ നിർദ്ദേശപ്രകാരം ആയിരുന്നു പഠനവും യാത്രയും എഴുത്തും. അങ്ങിനെ സർവ്വ ശാസ്ത്ര പണ്ഡിതനായിത്തീർന്ന നീലകണ്ഠ പിള്ള 24-ാം വയസ്സിൽ ചട്ടമ്പി സ്വാമികളിൽ നിന്നും സംന്യാസ ദീക്ഷ സ്വീകരിച്ചു. അന്നുമുതൽ കൊച്ചു നീലകണ്ഠൻ നീലകണ്ഠ തീർത്ഥപാദർ എന്ന ദീക്ഷാനാമത്താൽ അറിയപ്പെട്ടുവന്നു.

19-ാം നൂറ്റാണ്ടിന്റെ അവസാനവും 20-ാം നൂറ്റാണ്ടിന്റെ ആദ്യവും തെക്കേ ഇന്ത്യയിൽ പ്രത്യേകിച്ച് കേരളത്തിൽ ജാതീയമായ അസമത്വങ്ങളും മതപരമായ

അനാചാരങ്ങളും വളരെ കൂടുതലായി നിലനിന്നിരുന്നു. പിന്നോക്ക വിഭാഗം എന്ന് പറഞ്ഞു പാർശ്വവത്കരിക്കപ്പെട്ട ഭൂരിഭാഗം വരുന്ന ഹിന്ദുക്കൾക്ക് എല്ലാവിധ അവകാശങ്ങളും വ്യക്തി സ്വാതന്ത്ര്യങ്ങളും നിഷേധിക്കപ്പെട്ടിരുന്നു. ഇതിനെതിരായ സാമൂഹിക ഇടപെടലുകളും പ്രവർത്തനങ്ങളും ആയി ആദ്യം മുന്നോട്ടു വന്നവരിൽ പ്രധാനികളായിരുന്നു ചട്ടമ്പി സ്വാമികൾ, ശ്രീനാരായണ ഗുരു, നീലകണ്ഠ തീർത്ഥപാദർ, തീർഥ പാദ പരമഹംസർ തുടങ്ങിയവർ. ഇതിലേക്കാവശ്യമായ സംവാദങ്ങൾ സംഘടിപ്പിക്കുന്നതിനായി കരുനാഗപ്പളിയിൽ അദ്വൈതസഭ സ്ഥാപിക്കുകയും ലേഖനങ്ങൾ എഴുതുന്നതിനായി ഇരിങ്ങാലക്കുടയിൽ സദ്ഗുരു എന്നൊരു മാസികയും ശ്രീ നീലകണ്ഠതീർത്ഥ പാദരുടെ ചുമതലയിൽ ആരംഭിച്ചു. ചട്ടമ്പി സ്വാമികളും ശ്രീ നാരായണ ഗുരുവും കൂടി നീലകണ്ഠ തീർത്ഥ പാദരുടെ മൂവാറ്റുപുഴയിലെ വസതിയിൽ വന്നു താമസിച്ചു വിവിധ കാര്യങ്ങളെക്കുറിച്ചു ചർച്ച ചെയ്യുമായിരുന്നു. ശ്രീനാരായണ ഗുരുവും നീലകണ്ഠ തീർത്ഥ പാദരും തമ്മിൽ സുദൃഢമായ ആത്മ ബന്ധം ആണുണ്ടായിരുന്നത്. ശ്രീനാരായണ ഗുരുവിന്റെ ആഗ്രഹ പ്രകാരം മൂവാറ്റുപുഴ ശ്രീ കുമാര ഭജന ക്ഷേത്രത്തിൽ പ്രതിഷ്ഠാ കർമ്മം നിർവഹിച്ചത് നീലകണ്ഠ തീർത്ഥപാദർ ആയിരുന്നു. നായർ സമുദായ നായകന്മാരായിരുന്ന ശ്രീ സി. കൃഷ്ണ പിള്ളയുടെയും മന്നത്തു പദ്മനാഭന്റെയും താല്പര്യപ്രകാരം സമുദായ ആചാരങ്ങൾക്കു ശാസ്ത്രീയ വീക്ഷണം പകർന്നു നൽകിയ സ്വാമികൾ ആചാര പദ്ധതി എന്ന ഗ്രന്ഥവും രചിച്ചു. കൂടാതെ ചെറുതും വലുതും ആയി സംസ്കൃതത്തിലും

മലയാളത്തിലുമായി നൂറോളം പുസ്തകങ്ങൾ രചിച്ചു. ഇവയിൽ വേദാന്ത മണിവിളക്ക് , അദ്വൈത പാരിജാതം, അദ്വൈതസ്തബകം, യോഗ രഹസ്യ കൗമുദി, സ്തവരത്നഹാരം, ശ്രീകണ്ഠാമൃതലഹരി, സ്വാരാജ്യ സർവ്വസ്സ്വം യോഗാമൃത തരംഗിണി, ഹഠയോഗപ്രദീപിക, കർണ്ണാമൃതം, ആത്മാമൃതം, വിജ്ഞാനതരംഗിണി, ആനന്ദ മന്ദാരം , ബ്രഹ്മാഞ്ജലി, ആചാര പദ്ധതി എന്നിവ പ്രമുഖ ഗ്രന്ഥങ്ങളാണ്.

സി. കൃഷ്ണപിള്ള, മന്നത്തു പദ്മനാഭൻ, കെ.പി. കറുപ്പൻ, അയ്യൻകാളി, ടി. കെ. കൃഷ്ണ മേനോൻ, ഉള്ളൂർ എസ് . പരമേശ്വര അയ്യർ , വള്ളത്തോൾ നാരായണ മേനോൻ തുടങ്ങി നിരവധി പ്രമുഖ വ്യക്തികൾ നീലകണ്ഠ തീർത്ഥപാദരുമായി കത്തിടപാടുകൾ നടത്തിയിരുന്നു. തച്ചുടയ കൈമൾ, പന്നിശ്ശേരിൽ നാണുപിള്ള, ആത്മയോഗിനി അമ്മ, ഭക്താനന്ദ സ്വാമികൾ, താഴത്തോട്ടത്തു വേലുപ്പിള്ള, രായിങ്കൽ ശങ്കരൻ, ശ്രീവർദ്ധനത്തു കൃഷ്ണപിള്ള, ആറന്മുള നാരായണപിള്ള വൈദ്യൻ, പാറത്തറ പാറുക്കുട്ടിയമ്മ തുടങ്ങി നിരവധി ശിഷ്യരും അദ്ദേഹത്തിനുണ്ടായിരുന്നു. 1096 കർക്കിടകം 23 ഉത്രം നക്ഷത്രത്തിൽ (AD 1921 ആഗസ്റ്റ് 7) ഞായറാഴ്ച രാവിലെ 8 മണിക്ക് കരുനാഗപ്പള്ളിയിൽ ശിഷ്യൻ താഴത്തോട്ടത്തു വേലുപ്പിള്ളയുടെ വസതിയിൽ വെച്ച് 49 ആം വയസ്സിൽ നീലകണ്ഠ തീർത്ഥ പാദ സ്വാമികൾ ദിവ്യസമാധി പ്രാപിച്ചു. സമാധി വിവരം അറിഞ്ഞു സമാധിസ്ഥനായ

നീലകണ്ഠ തീർത്ഥപാദരുടെ ഭൗതിക ശരീരത്തിന ടുത്തെത്തിയ ചട്ടമ്പി സ്വാമികൾ 'അവസാനത്തേത് അവസാനിച്ചു' എന്ന് സ്വയമായും, അവിടെക്കൂടിയി രുന്നവരോടായി: 'ബ്രഹ്മാവ് സൃഷ്ടിച്ചുവെച്ച ഒരു മഹാലോകം ഇതാ തകർന്നിരിക്കുന്നു, ഇത് നിങ്ങ ൾക്കൊരു വലിയ നഷ്ടം ആണ്' എന്നും പറഞ്ഞു. ശിഷ്യന്റെ ശിരസ്സിൽ തലോടിക്കൊണ്ട് അദ്ദേഹം തുടർന്നു ഇതുവരെയും തീർത്ഥൻ എന്റെ മുന്നിൽ നിൽക്കുകയും ഞാൻ ഇരിക്കുകയുമായിരുന്നു. ഇപ്പോളിതാ തീർത്ഥൻ ഇരിക്കുകയും ഞാൻ നിൽക്കുകയും ചെയ്യുന്നു. തുടർന്ന് രണ്ടിറ്റു കണ്ണുനീർ ആ സംയമിയുടെ നേത്രങ്ങളിൽ നിന്നു തിർന്നു. രാത്രി ഒമ്പതരയോട് കൂടി താഴത്തോട്ടത്തു വകയായ ചെറുവള്ളി മഠത്തിൽ അപ്പോൾ കെട്ടിയുണ്ടാക്കിയ കല്ലറയിൽ ഉപ്പ്, കർപ്പൂരം, തുളസിക്കതിർ മുതലായവയിട്ടു വിധിപോലെ സംസ്കരിച്ചു. ശിഷ്യ പ്രശിഷ്യ സാന്നിദ്ധ്യത്തിൽ ചട്ടമ്പി സ്വാമികൾ തന്നെ ശിഷ്യനെ സമാധി ഇരുത്തി. അടുത്ത വർഷം മേടമാസം 12നു (1922 ഏപ്രിൽ 24) നു ഗുരു തന്നെ സമാധി പീഠത്തിനു മുകളിലായി നിർമ്മിച്ച ശ്രീകോവിലിൽ ശിവലിംഗ പ്രതിഷ്ഠ നടത്തുകയുണ്ടായി. പരമ ഭട്ടാരക ചട്ടമ്പി സ്വാമികൾ ചെയ്തിട്ടുള്ള ഏക പ്രതിഷ്ഠയും ഇതൊന്നുമാത്രമാണ്. ഇത് തിരുവിതാംകൂറിന്റെ ആത്മീയ ചരിത്രത്തിൽ ഒരു ഗുരു തന്നെ തന്റെ തൃക്കൈകളാൽ ശിഷ്യനെ സമാധി ഇരുത്തുകയും അതിനു മുകളിൽ പ്രതിഷ്ഠ നടത്തുകയും ചെയ്ത ആദ്യ സന്ദർഭം ആയിരുന്നേക്കാം. സമാധിപീഠവും ക്ഷേത്രവും ഒരുക്കിയ വേലുപ്പിള്ള തന്നെ കരുനാഗപ്പള്ളി പുതിയകാവ് ക്ഷേത്ര ത്തിനു സമീപത്തായി ശ്രീ നീലകണ്ഠ തീർത്ഥപാദ വിലാസം

സംസ്കൃത സ്കൂളും സ്ഥാപിച്ചു. പത്തനംതിട്ട ജില്ലയിലെ വാഴമുട്ടം ഈസ്റ്റ് എന്ന സ്ഥലത്തു രണ്ടാമത്തെ ശ്രീ നീലകണ്ഠ തീർത്ഥപാദ ആശ്രമം സ്ഥിതി ചെയ്യുന്നു നീലകണ്ഠ തീർത്ഥപാദ സ്വാമികളുടെ ശിഷ്യ ആയിരുന്ന പാറത്തറ പാറുക്കുട്ടിയമ്മയുടെ വീടും സ്ഥലവും ആശ്രമത്തിനുവേണ്ടി ഇഷ്ടദാനം സമർപ്പിച്ചു. ഈ രണ്ട് തീർത്ഥപാദ ആശ്രമങ്ങളുടെയും ഭരണ നിർവഹണം വാഴൂർ ആശ്രമമഠാധിപതി അധ്യക്ഷനായുള്ള ഒരു ട്രസ്റ്റ് ആണ് നിർവഹിച്ചു വരുന്നത്.

നീലകണ്ഠ തീർത്ഥപാദ സ്വാമികളെക്കുറിച്ച് നാലു സർഗ്ഗങ്ങളിലായി ശ്രീ ആറന്മുള നാരായണപിള്ള വൈദ്യൻ സംസ്കൃതത്തിൽ രചിച്ച ജീവചരിത്രമാണ് ശ്രീ നീലകണ്ഠ തീർത്ഥചര്യാമൃതം. ശ്രീ നീലകണ്ഠതീർത്ഥപാദ സ്വാമികളുടെ സംസ്കൃത കൃതികളിൽ പലതും ഇന്ന് വിദേശ സംസ്കൃത സർവകലാശാലകളിൽ പാഠ്യവിഷയങ്ങളാണ്.

മലയാളത്തിലെ ലക്ഷണമൊത്ത ആദ്യത്തെ ജീവചരിത്രം എന്ന് പണ്ഡിതർ വിശേഷിപ്പിച്ചിട്ടുള്ള ശ്രീ നീലകണ്ഠ തീർത്ഥപാദ ചരിത്ര സമുച്ചയം എഴുതിയിട്ടുള്ളത് സ്വാമികളുടെ ശിഷ്യന്മാരായിരുന്ന പന്നിശ്ശേരിൽ നാണുപിള്ളയും ശ്രീവർദ്ധനത്തു കൃഷ്ണ പിള്ളയും ചേർന്നാണ്. ഈ ഗ്രന്ഥങ്ങളിൽ ഒന്നാം ഭാഗം സ്വാമി ജീവിച്ചിരിക്കുമ്പോൾ തന്നെ പ്രസിദ്ധീകരിച്ചു. എന്നാൽ ഇതിന്റെ രണ്ടാംഭാഗം ഗ്രന്ഥകർത്താക്കളുടെ ഹസ്തലിഖിത രൂപത്തിൽ അപ്രകാശിതമായി കഴിഞ്ഞു. സമാധിക്കുശേഷം 45 വർഷം കഴിഞ്ഞ് ശ്രീ പന്നിശ്ശേരിയുടെ പിതൃഭക്തിധന്യനായ പുത്രൻ ശ്രീ ശ്രീനിവാസക്കുറുപ്പിന്റെയും വിദ്യാധിരാജ പരമ്പരയിലെ ഗൃഹസ്ഥശിഷ്യരിൽ ഗണനീയനായ ശ്രി പി.ജി.നാരായണ പിള്ളയുടേയും പരിശ്രമഫലമായി

1965ൽ രണ്ടാം ഭാഗം പ്രസിദ്ധീകരിച്ചു. ഒന്നും രണ്ടു വാള്യങ്ങൾ ചേർത്ത് നീലകണ്ഠ തീർത്ഥപാദ ചരിത്ര സമുച്ചയം എന്ന ശീർഷകത്തിൽ 2012ൽ വാഴൂർ ആശ്രമത്തിൽ നിന്നും പുനപ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതിനായി ശ്രീ ഗോപിനാഥ ൻ പിള്ള സ്വന്തമായും അദ്ദേഹത്തിന്റെ ശ്രമഫലമായി അമേരിക്കയിൽ നിന്നും, നാട്ടിൽനിന്നും മറ്റനേകം വ്യക്തിക ളുടെ സഹായ സഹകരണങ്ങൾ ലഭിക്കുകയുണ്ടായി. പ്രൊഫ. കുമ്പളത്തു ശാന്തകുമാരി അമ്മ ശ്രീ നീലകണ്ഠ തീ ർത്ഥപാദ യോഗീശ്വരൻ അഥവാ സഞ്ചരിക്കുന്ന ഗ്രന്ഥശാ ല എന്ന പുസ്തകവും, പ്രൊഫ. സുരേഷ് മാധവ് നീലകണ്ഠ തീർത്ഥപാദർ എന്ന ഒരു പുസ്തകവും മലയാളത്തിൽ പ്ര സിദ്ധീകരിച്ചിട്ടുണ്ട്. ഡോക്ടർ രാമൻ നായരും ഡോക്ടർ സുലോചന ദേവിയും ചേർന്ന് രചിച്ച "Neelakanda Theerthapada - life and works" ആണ് നീലകണ്ഠ തീ ർത്ഥപാദ സ്വാമികളുടെ ഇംഗ്ലീഷ് ഭാഷയിൽ ഉള്ള ആദ്യ ജീ വചരിത്രം. ആദി ശങ്കരാചാര്യർക്കു ശേഷം
ഭാരതം കണ്ട ഏറ്റവും പ്രതിഭാധനനായിരുന്നു ശ്രീ നീലകണ്ഠതീർത്ഥപാദർ എന്നത്രെ പണ്ഡിത മതം. ശ്രീ നീലകണ്ഠ തീർത്ഥപാദ സ്വാമികളുടെ കൃതികൾ UGC ഗവേഷണ വിഷയമായി അംഗീകരിച്ചിട്ടിട്ടുണ്ട്. അത് പല സംസ്കൃത വിദ്യാർത്ഥികളും ഗവേഷണ പഠന വിഷയമാക്കി അവയെ ആസ്പദമാക്കി തീസിസ് അവതരിപ്പിച്ച് Ph.D. ബിരുദം നേടുകയും ചെയ്തിട്ടുണ്ട്.

പ്രൊഫ. വി. എൻ. വിജയൻ

ഓം

"ഓർത്തീടിലിന്നിതിനു കാരണമാമവിദ്യാ-
തത്ത്യാഗമിങ്ങുവിഹിതം വിധിയിങ്കൽ മുമ്പായ്
വിദ്യൈവ യോഗ്യയിതിനാശു വിനാശമേകാൻ
സദ്യോവിരോധവഴിയല്ലിരുളാ കർമ്മം."

"ജന്മത്തിന് അവിദ്യയാണ് കാരണം. അതിനെ
ഇല്ലാതാക്കുകയാണ് ആദ്യമായി വേണ്ടത്.
വിദ്യ കൊണ്ടേ അവിദ്യ നശിക്കുകയുള്ളു."

അവിദ്യാനാശിനിയായ ഈ വിദ്യയെക്കുറിച്ചു തന്നെയാണ് ശ്രീരാമ ഗീതയിൽ പ്രതിപാദിക്കുന്നത്. വിദ്യയാണ് മോക്ഷത്തിനു കാരണമായിട്ടുള്ളത്. ശുദ്ധാദ്വൈതബുദ്ധിയുടെ അവസാന വ്യാപാരമാണ് വിദ്യ. ഈ വിദ്യ തന്നെയാണ് 'തത്ത്വമസി' എന്ന മഹാവാക്യത്തിൻറെ അർത്ഥം മനസിലാക്കിത്തരുന്നതും. അവിദ്യയാണ് ദ്വൈതഭാവനക്കു കാരണം. വിദ്യകൊണ്ട് അവിദ്യയെ നശിപ്പിച്ചു ദ്വൈതഭാവം വിട്ട് അദ്വൈതഭാവം നേടി ആത്മജ്ഞാനിയായിത്തീരുകയാണ് പരമമായ ലക്ഷ്യം.

ശ്രീരാമദേവൻ ലക്ഷ്മണന് ഉപദേശിക്കുന്ന ആത്മജ്ഞാനദായകമായ ഈ വിദ്യ നന്നായി മനസ്സിരുത്തി പഠിച്ചാൽ ഏവർക്കും ആത്മജ്ഞാനം നേടി മുക്തിപദത്തിൽ എത്താൻ സാധിക്കുന്നതാണ്. പ്രചാരത്തിൽ ഉള്ള ഇതര രാമായണങ്ങളിൽ ദുർല്ലഭമായിരിക്കുന്ന ഈ ഭാഗം ശ്രീ നീലകണ്ഠ തീർത്ഥപാദ സ്വാമികൾ മലയാളികൾക്കു മനസ്സിലാകുന്ന രീതിയിൽ ഭാഷാന്തരപ്പെടുത്തി തന്നിരിക്കുന്നത് നാം പ്രയോജനപ്പെടുത്തേണ്ടതാണ്.

ശ്രീ നീലകണ്ഠ തീർത്ഥപാദ സമാധിപീഠം ട്രസ്റ്റ്

Published by: Sree Neelakanta Theerthapada Samdhi
Peedam Trust, Punnakkulam, K.S. Puram PO,
Karunagappally, Kollam, Kerala-690 544
www.sntspt.org
Email:Sntspt.org@gmail.com

Printed by : Parimal Publications,
27/28, Shakthi Nagar, New delhi-110007

ISBN 978-93-83763-55-9